©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അൻപത്തിയഞ്ചാമത് റിപ്പോർട്ട്

(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അൻപത്തിയഞ്ചാമത് റിപ്പോർട്ട്

(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

1230/2024.

<u>ഉള്ളടക്കം</u>

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I :		
പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും	..	79
അനുബന്ധം II :		
സർക്കാർ സ്വീകരിച്ച നടപടി	..	97

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

ഘടന

<u>അധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി. സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-26)യുടെ അമ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം - 1 -ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

2024 ഒക്ടോബർ മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

തിരുവനന്തപുരം,
2024 ഒക്ടോബർ 7.

അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 1-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

<u>ഓഡിറ്റ് ഖണ്ഡിക</u>

സാമൂഹ്യസുരക്ഷാ പെൻഷൻ

ആമുഖം

സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് സാമൂഹ്യക്ഷേമ പെൻഷനുകളായ അഗതി പെൻഷൻ, വിധവ, വാർദ്ധക്യകാല പെൻഷൻ, വിവാഹ ധനസഹായ പദ്ധതി എന്നിവയുടെ ചുമതല മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 18-9-1995-ലെ സർക്കാർ ഉത്തരവ് (പി)189/95/എൽ.എ.ഡി. പ്രകാരം കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെൻഷൻ/ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ തുടങ്ങി വിതരണരീതി വരെ ഉൾപ്പെടുത്തിക്കൊണ്ട് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(പി)11/97/എസ്.ഡബ്ല്യൂ.ഡി./ 7-4-1997 പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ജി.ഒ.(പി)177/2006/ധന/12-4-2006 ഉത്തരവ് പ്രകാരം പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വരുന്നതു വരെ വിവിധ വകുപ്പുകളിൽ നിന്നും അനുവദിക്കുന്ന തുക സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിനായി തദ്ദേശ സ്ഥാപനങ്ങളിലെ പെൻഷൻ അക്കൗണ്ടുകളിൽ വരവ് വെച്ച് മണിഓർഡർ മുഖേന വിതരണം ചെയ്തിരുന്നു. പെൻഷണർ മരണപ്പെടുകയോ സ്ഥലത്തില്ലാതാകുകയോ ചെയ്യുന്ന അവസരത്തിൽ തിരികെ വരുന്ന മണിഓർഡർ തുക പെൻഷൻ അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്തിരുന്നു.

എന്നാൽ അതിനുശേഷം സഞ്ചിത നിധിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റായി തുക അനുവദിക്കുകയും സാമ്പത്തിക വർഷാവസാനം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കുന്ന രീതിയാണ് തുടർന്ന്

വന്നിരുന്നത്. ഇക്കാലയളവിലും പെൻഷൻ വിതരണം നടത്തിയിരുന്നത് മണിഓർഡർ മുഖേന ആയിരുന്നു. മണിഓർഡർ പ്രകാരമുള്ള വിതരണത്തിലെ അപാകതകൾ പരിഗണിച്ച് 1-8-2013 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. [ജി.ഒ.(പി)363/13 ധന. തീയതി 27-3-2013].

ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ ചുമതലപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ വിവരങ്ങൾ (പോസ്റ്റ് ഓഫീസ്/ബാങ്ക് സേവിംഗ്സ് അക്കൗണ്ട് നമ്പർ, ബ്രാഞ്ചിന്റെ പേര്, കോഡ്, ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, തിരിച്ചറിയൽ കാർഡിന്റെ വിവരം, ഫോൺ നമ്പർ മുതലായവ) സേവന സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താനും വിവരങ്ങളുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കി എൽ.എസ്.ജി.ഡി. സെക്രട്ടറി അധികൃതമാക്കിയ "ഡേറ്റ ബേസ്" സെൻട്രൽ സെർവറിലേക്ക് അപ്‌ലോഡ് ചെയ്യാനും നിർദ്ദേശിച്ചിരുന്നു. ഓരോ മാസവും ആവശ്യമായി വരുന്ന ഗുണഭോക്താക്കളുടെ കൂട്ടിച്ചേർക്കലുകളും ഗുണഭോക്താവിന്റെ മരണംമൂലം ഉണ്ടാകുന്ന ഒഴിവാക്കലുകളും കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന്റെ നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുന്ന തുക നോഡൽ ഓഫീസറുടെ അക്കൗണ്ട് മുഖേന വിതരണത്തിനായി ബാങ്ക്/ധനകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. ഗുണഭോക്താക്കൾ കൈപ്പറ്റാത്ത തുക തിരികെ ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു.

സാമൂഹ്യസുരക്ഷാ പെൻഷനുകൾ ജില്ലാ സഹകരണ ബാങ്ക്/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ എന്നിവ മുഖേന ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നതിന് ജി.ഒ.(എം.എസ്.)324/16/ഫിൻ/15-8-2016 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പെൻഷൻ വിതരണത്തിനായി സഹകരണ വകുപ്പ് തിരഞ്ഞെടുക്കുകയും പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന പെൻഷൻ വിതരണത്തിനുള്ള തുക ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് വരവ് വച്ചതിനു ശേഷം പെൻഷൻ വിതരണത്തിനായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്ക്/മറ്റ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ മുഖേന വിതരണം ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ നിലവിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യുന്നതിനും ഡയറക്ട് റ്റു ഹോം (Direct to Home) എന്നതരത്തിലുമാണ് ക്ഷേമപെൻഷനുകളുടെ വിതരണം നടക്കുന്നത്. ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കാനും അനർഹർക്ക് ആനുകൂല്യം നിഷേധിച്ച് അർഹരായവർക്കെല്ലാം പെൻഷൻ ആനുകൂല്യം ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായി സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും പെൻഷൻ വിതരണത്തിൽ നിലവിലും അപാകതകൾ നിലനിൽക്കുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ എന്നിവ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതിൽ ഗുരുതരമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി രേഖകൾ തെളിയിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**പെൻഷന്റെ പേര്**	**അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി (ദിവസം)**
1	വാർദ്ധക്യകാല പെൻഷൻ	45
2	വിധവാ പെൻഷൻ	45
3	അൻപത് വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	45
4	കർഷക തൊഴിലാളി പെൻഷൻ	45
5	വികലാംഗ പെൻഷൻ	60

എന്നാൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് മേൽ സമയപരിധി പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	**ജില്ല**	**ഓഡിറ്റ് വർഷം**	**ഖണ്ഡിക നം.**
പാറപ്പുഴ പഞ്ചായത്ത്	ഇടുക്കി	2019-20	1-12
പള്ളിക്കര പഞ്ചായത്ത്	കാസർകോഡ്	2019-20	1-6-4
കരിങ്കുന്നം പഞ്ചായത്ത്	ഇടുക്കി	2019-20	1-6-1
കിഴക്കോത്ത് പഞ്ചായത്ത്	കോഴിക്കോട്	2019-20	1-6-1
കീഴരിയൂർ പഞ്ചായത്ത്	കോഴിക്കോട്	2019-20	1-7-1
മുട്ടാർ പഞ്ചായത്ത്	ആലപ്പുഴ	2019-20	1-14
മൊഗ്രാൽ പുത്തൂർ	കാസർകോഡ്	2019-20	1-20
പള്ളിച്ചൽ	തിരുവനന്തപുരം	2019-20	1-5-2
			1-5-4
			1-5-5
കുന്നമ്മൽ	കോഴിക്കോട്	2019-20	1-7-1
ഓമശ്ശേരി	കോഴിക്കോട്	2019-20	1-7-1
കാട്ടാക്കട	തിരുവനന്തപുരം	2019-20	1-8-2
			1-8-4
ഉദയനാപുരം	കോട്ടയം	2019-20	1-22

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന്റെ വിഷയം കൈകാര്യം ചെയ്യുന്നതിൽ പല പഞ്ചായത്തുകളിലും പൊതുവായി ഒരു പോരായ്മ ഉണ്ടെന്നും. ഇക്കാര്യം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി വ്യക്തമാക്കി. മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിനാലാണ് പെൻഷൻ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതെന്ന് പറയുന്നതിന്റെ ന്യായമെന്താണെന്ന് സമിതി ആരാഞ്ഞതിന് മരണവിവരം രജിസ്റ്റർ ചെയ്യുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാണെങ്കിലും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ നടക്കുന്ന മരണങ്ങളാണ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതെന്നും ഒരു വ്യക്തിയുടെ മരണം രജിസ്റ്റർ ചെയ്യുന്നത് സ്വന്തം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലാണെങ്കിൽ ടിയാൻ പെൻഷൻ ഗുണഭോക്താവാണോയെന്ന കാര്യം നേരിട്ടറിയാൻ കഴിയുമെന്നും മരണപ്പെട്ടയാളുടെ പെൻഷൻ ഉടൻ സസ്പെൻഡ് ചെയ്യാൻ സാധിക്കുമെന്നും എന്നാൽ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലാണ് മരണം സംഭവിക്കുന്നതെങ്കിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നത് പ്രസ്തുത സ്ഥാപനത്തിലായിരിക്കുമെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. മരണം നടന്നത് ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുമ്പോൾത്തന്നെ പെൻഷൻകൂടി റദ്ദ് ചെയ്യുന്ന സംവിധാനം നിലവിലില്ലെന്നും ആധാർ നമ്പർ പൊതുവായി മരണരജിസ്റ്ററിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആധാർ നമ്പർ മരണരജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യണമെന്ന് 2019-ൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും പിന്നീടുവന്ന സർക്കുലർ പ്രകാരം ആധാർനമ്പർ മരണ രജിസ്ട്രേഷന് നിർബന്ധമല്ലെന്നും എന്നാൽ അത് നിർബന്ധമാക്കിയിരുന്നെങ്കിൽ മരണവിവരം അറിയിക്കുമ്പോൾത്തന്നെ ഓൺലൈനായി പെൻഷൻ റദ്ദ് ചെയ്യാനുള്ള സാഹചര്യവുമുണ്ടാകുമായിരുന്നുവെന്നും ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു. നിലവിൽ പഞ്ചായത്തുകളിൽ ജനന മരണ റിപ്പോർട്ടുകളിൽ ആധാർ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള കോളം കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫോർമാറ്റ് നൽകിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജനന-മരണ രജിസ്ട്രേഷൻ റൂൾസിൽ ഭേദഗതി വരുത്തിയശേഷം പ്രാബല്യത്തിൽ കൊണ്ടുവരാമെന്നും നിലവിൽ 52,25,143 ഗുണഭോക്താക്കൾക്കാണ് അഞ്ച് തരത്തിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നൽകി വരുന്നതെന്നും പ്രൈമറി സഹകരണ ബാങ്കുകൾ മുഖേനയും ഡയറക്ട് റ്റു ഹോം (Direct to

Home) Bank A/C മുഖേനയും പകുതി വീതം എന്ന തരത്തിലാണ് പെൻഷൻ വിതരണം ചെയ്തുവരുന്നതെന്നും ഡയറക്ട് റ്റു ഹോം എന്ന രീതിയിൽ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്തതിന്റെ സ്റ്റാറ്റസും ലിസ്റ്റും അതത് പ്രാദേശിക സെക്രട്ടറിമാർക്ക് സോഫ്റ്റ്‌വെയറിൽ നിന്നുതന്നെ ലഭ്യമാകുമെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അന്വേഷണം നടത്തി മരണപ്പെട്ട ആളുകളോ അർഹതയില്ലാത്ത ആളുകളോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അപ്പോൾത്തന്നെ റിവ്യൂ ചെയ്യാനുള്ള സാഹചര്യമുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതി മുൻപാകെ അറിയിച്ചു. ഡയറക്ടറേറ്റിൽ നിന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയ പ്രകാരം അർഹതയില്ലാത്ത ധാരാളം പേരെ ഒഴിവാക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ടെന്നും ബാങ്കുകളിൽ ഗുണഭോക്താക്കളുടെ നേരിട്ടുള്ള അക്കൗണ്ടുകളായതുകൊണ്ടുതന്നെ പ്രാദേശിക സർക്കാരുകൾക്ക് നേരിട്ട് ഓരോ അക്കൗണ്ടന്റിന്റെയും വിവരങ്ങൾ അറിയാൻ സാധിച്ചിട്ടുണ്ടെന്നും മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ബാങ്കിലേക്ക് അറിയിപ്പ് കൊടുക്കുന്നതും മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ തടഞ്ഞുവയ്ക്കുന്നതെന്നും അല്ലെങ്കിൽ ഗുണഭോക്താക്കളുടെ ബന്ധുക്കൾ സ്വമേധയാ ബാങ്കിൽ ബന്ധപ്പെട്ട് ഗുണഭോക്താവ് മരണപ്പെട്ടുവെന്ന് അറിയിച്ചെങ്കിൽ മാത്രമേ പെൻഷൻ തുടർന്ന് ബ്ലോക്ക് ചെയ്യുന്നതിന് സാധിക്കുമായിരുന്നുള്ളൂവെന്നും ഇതിനൊരു ശാശ്വതപരിഹാരമെന്ന നിലയ്ക്കാണ് ജനന-മരണ റിപ്പോർട്ടിൽ ആധാർ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം നിലവിൽ വന്നതെന്നും അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ സോഫ്റ്റ്‌വെയറിൽ ആപ്ലിക്കേഷൻ ഉൾപ്പെടുത്തുന്നത് ഗുണഭോക്താവിന്റെ ആധാർ നമ്പർ രേഖപ്പെടുത്തി ക്കൊണ്ടായിരിക്കുമെന്നും നിലവിൽ സ്വമേധയാ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായി അന്വേഷണം നടത്തി അർഹതയില്ലാത്ത ഗുണഭോക്താക്കളുടെയും മരണപ്പെട്ടവരുടെയും പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു.

2. പല സ്ഥലങ്ങളിലും പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടും തീരുമാനമുണ്ടാകുന്നില്ലെന്നും കാലതാമസം ഒഴിവാക്കണമെന്നും എവിടെ വച്ച് മരണം സംഭവിച്ചാലും ഏത് സ്ഥാപനമായാലും മരണം റിപ്പോർട്ട് ചെയ്യുന്നതിൽ ബുദ്ധിമുട്ടൊന്നുമില്ലാത്ത സാഹചര്യത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് കൊടുക്കുന്നതിന് ലോക്കൽ ബോഡിക്ക് തീരുമാനമെടുക്കാൻ കഴിയുമെന്നും നിലവിലെ പ്രശ്നം പരിശോധിച്ച് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നിലപാടെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. വാർധക്യകാല പെൻഷൻ 45 ദിവസം, വിധവാ പെൻഷൻ 45 ദിവസം, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 45 ദിവസം, കർഷകത്തൊഴിലാളി പെൻഷൻ 45 ദിവസം, വികലാംഗക്ഷേമ പെൻഷൻ 60 ദിവസം എന്നിങ്ങനെയാണ്

പെൻഷൻ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലയളവെന്നും ആയത് ഓൺലൈൻ സംവിധാനം വ്യാപകമാക്കുന്നതിന് മുമ്പുള്ള സമയക്രമമാണെന്നും സമിതി വിലയിരുത്തി. നിലവിൽ പെൻഷൻ അപേക്ഷ തീർപ്പ് കൽപ്പിക്കുന്നതിന് ഇത്രയും ദിവസം ആവശ്യമാണോയെന്ന് സമിതി ആരാഞ്ഞതിന്, വളരെ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു പെൻഷണറുടെ അപേക്ഷ കിട്ടിയാൽ ഇത്രയും ദിവസം താമസിപ്പിക്കേണ്ട സാഹചര്യമില്ലെന്നും കാലതാമസം വരുന്നതിന്റെ പ്രധാന കാരണം ഓരോ പെൻഷൻ അപേക്ഷയിലും അന്വേഷണ ഉദ്യോഗസ്ഥർ പലതാണ് എന്നുള്ളതാണെന്നും അതിന്റെ ഭാഗമായി അന്വേഷണ റിപ്പോർട്ട് വയ്ക്കുന്നതിലും അതിനുശേഷം സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ശിപാർശ ചെയ്യുന്നതിലും കാലതാമസമുണ്ടാകുന്നുണ്ടെന്നും തുടർന്ന് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നതിലും താമസം വരുന്നതുകൊണ്ടാണ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

3. മുൻ സാമ്പത്തിക വർഷം മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ILT-സോഫ്റ്റ്‌വെയർ വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന റിപ്പോർട്ട് കൃത്യമായി മോണിറ്റർ ചെയ്യാനും എവിടെയാണ് കാലതാമസമുണ്ടായതെന്ന് തിരിച്ചറിയാനും സാധിക്കുമെന്നും ഒരാഴ്ച കിട്ടുന്ന അപേക്ഷകൾ ഒരുമിച്ച് അന്വേഷണ ഉദ്യോഗസ്ഥരുടെ കയ്യിൽ നിന്നും കിട്ടുന്നതായിട്ടാണ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കണ്ടിട്ടുള്ളതെന്നും ചിലയിടങ്ങളിൽ രണ്ടാഴ്ചയിലൊരിക്കൽ മാത്രം അന്വേഷണ ഉദ്യോഗസ്ഥന് അപേക്ഷകൾ കൈമാറുന്ന രീതിയുണ്ടെന്നും അങ്ങനെ വരുമ്പോൾ കാലതാമസമുണ്ടാകുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു. ഹെഡ് ഓഫീസിൽ എന്നാണോ അപേക്ഷ കൊടുക്കുന്നത് ആ തീയതി മുതൽ ഗുണഭോക്താവ് പ്രതീക്ഷയോടെ പെൻഷനുവേണ്ടി കാത്തിരിക്കുകയാണെന്നും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിലുൾപ്പെടെ കാലതാമസം വന്നിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം കോവിഡിന്റെ സാഹചര്യത്തിൽ വന്നിട്ടുള്ളതാണെന്ന് റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുമെന്നും ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

4. ഉദ്യോഗസ്ഥ തലത്തിൽ പരിശോധന നടത്തി പെൻഷൻ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എടുക്കുന്ന ദിവസങ്ങളുടെ എണ്ണം കുറയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വികലാംഗക്ഷേമ പെൻഷൻ കൊടുക്കാൻ തീരുമാനമെടുക്കുന്നതിന് 60 ദിവസമെടുക്കുന്നതെന്തിനാണെന്നും പെൻഷൻ കൊടുക്കുന്നതിൽ കാലതാമസം വരുന്നത് ഗുണഭോക്താക്കളുടെ ഇടയിൽ വലിയ തോതിലുള്ള അസംതൃപ്തിക്ക് കാരണമാകുന്നുണ്ടെന്നും

ഓരോ മാസത്തെയും പെൻഷൻ അതത് മാസം അല്ലെങ്കിൽ രണ്ടുമാസം ഒന്നിച്ച് നൽകുന്നതുകൊണ്ട് വലിയ പരാതിക്കും എതിർപ്പിനും ഇടവരുത്തുന്നുണ്ടെന്നും ഇക്കാര്യം പരിശോധിച്ച് പുതിയ സാഹചര്യത്തിനനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ വിവിധ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് എത്ര ദിവസം വേണമെന്ന് സമിതി നിർദ്ദേശിക്കുന്നില്ലെന്നും വികലാംഗക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് ആവശ്യമായ നിലപാടെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. വികലാംഗക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് കൂടുതൽ ദിവസം ആവശ്യമില്ലെന്നും സമിതി വ്യക്തമാക്കി. ഓൺലൈൻ സംവിധാനം നിലവിലുള്ളതിനാൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

5. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ വികലാംഗക്ഷേമ പെൻഷൻ രജിസ്റ്റർ, കർഷകക്ഷേമ പെൻഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും നിലവിൽ സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നതെന്ന് സമിതി വ്യക്തമാക്കി. നിലവിൽ പെൻഷൻ കൊടുക്കുന്നുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പെൻഷൻ നൽകുന്നുണ്ടെന്ന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

6. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ കർഷക തൊഴിലാളി പെൻഷൻ അപേക്ഷകളിലും വിധവാ പെൻഷൻ അപേക്ഷകളിലും വികലാംഗ പെൻഷൻ അപേക്ഷകളിലും സമയബന്ധിതമായി തീരുമാനമെടുക്കുന്നതായും കാലവിളംബം ഉണ്ടാകുന്നില്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ പരാമർശത്തിന്റെയും പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറുപടിയുടെയും അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

7. ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

8. കോട്ടയം ജില്ലയിലെ ഉദയാനാപുരം ഗ്രാമപഞ്ചായത്തിൽ കർഷക തൊഴിലാളി പെൻഷന് ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി അന്വേഷണം നടത്തി തിരികെ സമർപ്പിക്കുന്നതിൽ കൃഷി ഓഫീസറുടെ ഭാഗത്തുനിന്നും കാലതാമസം നേരിടുന്നുണ്ടെന്നും ഭിന്നശേഷി പെൻഷന് ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ (പി.എച്ച്.സി.) യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നില്ലെന്നുമുള്ള അപാകതകൾ തുടരുന്നുവെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട്

ലഭ്യമാക്കാനെടുക്കുന്ന കാലതാമസമാണുള്ളതെന്ന് ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയം പരിഹരിക്കപ്പെടാനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പരിഹാരം ആവശ്യപ്പെട്ട് കത്ത് കൊടുക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

9. ഒരു ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കിട്ടുന്നില്ല എന്ന കാരണത്താൽ അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കാതിരിക്കുന്നതിനെതിരെ നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ അത്തരത്തിൽ നടപടിയെടുക്കുന്നുണ്ടെന്നും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരോട് അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിലവിൽ അപേക്ഷകളൊന്നും തീർപ്പാക്കാനില്ലെന്നും ഉദയനാപുരം പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

10. പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നുള്ള സമിതിയുടെ ചോദ്യത്തിന്, പഞ്ചായത്ത് പ്രസിഡന്റിന് ലഘുശിക്ഷാ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വെളിപ്പെടുത്തി. ലഘുശിക്ഷ നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടെങ്കിലും നടപടി സ്വീകരിക്കണമെങ്കിൽ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഭേദഗതി വരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

11. ഭിന്നശേഷി പെൻഷനുള്ള അപേക്ഷകളിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്നും കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും ഇക്കാര്യം സർക്കാരിനോട് ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

12. ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തുന്നത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന്, ഭിന്നശേഷിക്കാരുടെ വാർഷിക വരുമാനം, രണ്ടായിരം സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തൃതിയുള്ള വീട്, എ.സി., ആയിരം സി.സി.-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള കാർ എന്നിവ അപേക്ഷകനുണ്ടെങ്കിൽ പെൻഷൻ അനുവദിക്കാൻ സാധിക്കില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

13. പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനാവശ്യമായ നിർദ്ദേശമാണ് സമിതി മുമ്പാകെ അറിയിക്കേണ്ടതെന്നും മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദിക്കുന്നത് എന്നിരിക്കേ,

ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ ആവശ്യകത എന്താണെന്നും മെഡിക്കൽ റിപ്പോർട്ട് വച്ച് പഞ്ചായത്തിന് പെൻഷൻ അനുവദിച്ചുകൂടേയെന്നും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന ആവശ്യമാണെന്ന് ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ടെന്ന് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

14. ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ പഞ്ചായത്തിലെ ഉദ്യോഗസ്ഥന് പരിശോധന നടത്തി പെൻഷൻ അനുവദിക്കാമെന്നും ഭിന്നശേഷി പെൻഷന് ഡോക്ടർ സർട്ടിഫിക്കറ്റിന് പുറമെ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് ആലോചിക്കണമെന്നും സാങ്കേതിക കാരണം പറഞ്ഞ് ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം വരാൻ പാടില്ലെന്നും സമിതി നിർദ്ദേശിച്ചു. അന്വേഷണ ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാമെന്ന് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

15. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും സമയബന്ധിതമായി പെൻഷൻ അനുവദിക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നത് സംബന്ധിച്ച് സമിതി തുടർന്ന് ആരാഞ്ഞതിന്, രജിസ്റ്ററുകൾ കാലികമാക്കിയിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്കായി കൊണ്ടുവന്നിട്ടുണ്ടെന്നും ഉദയനാപുരം പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാതെ നിയമസഭാ സമിതി മുൻപാകെ കൊണ്ടുവന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

16. ഓഡിറ്റ് രേഖകൾ പരിശോധിച്ചതിൽ അപാകതകൾ നിലനിൽക്കുന്നുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഓഡിറ്റ് പരാമർശം സംബന്ധിച്ച് പരിശോധന നടത്തുവാൻ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകി.

17. ജില്ലാതല ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി തുടർന്ന് ആരാഞ്ഞു. ഓഡിറ്റ് പരാമർശം സംബന്ധിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

18. ഓഡിറ്റിൽ കണ്ടെത്തിയ അപാകത പരിഹരിച്ചുവെന്ന് പഞ്ചായത്ത് അറിയിച്ചാൽ ആയത് സംബന്ധിച്ച് പരിശോധന നടത്താനുള്ള ഉത്തരവാദിത്തം ജില്ലാതല ഉദ്യോഗസ്ഥർക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന്, ജില്ലാതല ഓഡിറ്റിൽ പരിശോധന നടത്തിയെന്നാണ് അറിയിച്ചതെന്ന് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. ഓഡിറ്റ് വകുപ്പ്

ചൂണ്ടിക്കാണിച്ച പിശക് പരിഹരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഉന്നത ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തമില്ലേയെന്നുള്ള സമിതിയുടെ തുടർചോദ്യത്തിന് റിവ്യൂ മീറ്റിംഗിൽ രേഖകൾ പരിശോധന നടത്തി പരാമർശങ്ങൾ ഒഴിവാക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട സെക്രട്ടറിമാർക്കും ജില്ലാ മേലധികാരികൾക്കും നിർദ്ദേശം നൽകാറുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. വകുപ്പിന് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും സെക്രട്ടറിയുടെയും വിശദീകരണം തൃപ്തികരമല്ലെന്നും പ്രസ്തുത വിഷയത്തിൽ സെക്രട്ടറിക്ക് അവ്യക്തതയുണ്ടെങ്കിൽ ആയത് വ്യക്തത വരുത്താനുള്ള ഉത്തരവാദിത്തം അസിസ്റ്റന്റ് ഡയറക്ടർക്കുണ്ടെന്നും പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

19. ഇടുക്കി ജില്ലയിലെ പാറപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

20. ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

21. കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

22. കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

23. കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

24. കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

25. കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

26. കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

27. ക്ഷേമ പെൻഷൻ ഗുണഭോക്താവിന്റെ മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ പല പഞ്ചായത്തുകൾക്കും വീഴ്ച സംഭവിക്കുന്നുണ്ടെന്ന് സമിതി മനസിലാക്കുന്നു. വാർധക്യകാല പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക ത്തൊഴിലാളി പെൻഷൻ, വികലാംഗക്ഷേമ പെൻഷൻ എന്നിവയുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി പെൻഷൻ അതത് മാസം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിലെ കാലതാമസം ഗുണഭോക്താക്കൾക്കിടയിൽ വ്യാപകമായ അസംതൃപ്തി ജനിപ്പിക്കുന്നതിനാൽ പെൻഷൻ അപേക്ഷകൾ പ്രത്യേകിച്ച് വികലാംഗക്ഷേമ പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

28. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ വികലാംഗ ക്ഷേമ പെൻഷൻ രജിസ്റ്റർ, കർഷകക്ഷേമ പെൻഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും നിലവിൽ സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

29. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ കർഷക തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നുണ്ടെന്നും കാലവിളംബം ഉണ്ടാകുന്നില്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

30. ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

31. കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും സെക്രട്ടറിയുടെയും വിശദീകരണം തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. വികലാംഗ പെൻഷനുള്ള അപേക്ഷകളിന്മേൽ യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അത്തരത്തിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. വികലാംഗ പെൻഷന് ഡോക്ടർ സർട്ടിഫിക്കറ്റിനു പുറമെ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് ആലോചിക്കണമെന്നും സാങ്കേതിക കാരണം പറഞ്ഞ് ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം വരുത്താൻ പാടില്ലെന്നും സമിതി നിർദ്ദേശിക്കുന്നു.

34. പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ശിക്ഷ നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടെങ്കിലും നടപടി കാര്യക്ഷമമായി ഉണ്ടാകുന്നില്ലെന്ന് സമിതി അനുമാനിക്കുന്നു. ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് കിട്ടുന്നില്ല എന്ന ഒറ്റ കാരണത്താൽ അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കാതിരിക്കുന്നത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ലെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിയമ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ഇടുക്കി ജില്ലയിലെ പാറപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

36. ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

37. കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

38. കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

39. കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

40. കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

41. കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

42. കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ച് നൽകുന്നു.

ക്ഷേമപെൻഷൻ വിതരണത്തിനായി DBT-യിൽ പ്രധാനമായും രണ്ടു രീതിയാണ് അവലംബിക്കുന്നത്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നേരിട്ട് വിതരണം ചെയ്യുന്ന രീതിയും, നേരിട്ട് വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിക്കുന്ന രീതിയും. ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്യുന്ന ഘട്ടങ്ങളിൽ പെൻഷണറുടെ അക്കൗണ്ട് അവസാനിപ്പിക്കാത്തിടത്തോളം പെൻഷൻ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്. മരണപ്പെടുന്ന പെൻഷണറെ സസ്പെന്റ് ചെയ്യുകയോ മസ്റ്ററിംഗ് കൃത്യമായി നടത്തുന്നതിലൂടെയോ മാത്രമേ ഈ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കൂ.

ജി.ഒ.(എം.എസ്.)483/17 ധന, 6-1-2017 പ്രകാരം എല്ലാവർഷവും ഡിസംബർ 31-ന് മുമ്പ് പെൻഷൻ ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അതേ തുടർന്ന് 13-11-2019 തീയതിയിലെ 650901/SFCB2/17 ധന. സർക്കുലർ പ്രകാരം 2019 വർഷം മാത്രമാണ് നിർബന്ധിത മസ്റ്ററിംഗ് നടന്നത്. അതിനുശേഷം മരണപ്പെട്ട ഗുണഭോക്താക്കളിൽ പെൻഷൻ സസ്പെന്റ് ചെയ്യാത്തതുമൂലം നിലവിലും പെൻഷൻ അനുവദിച്ച് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ധനകാര്യവകുപ്പ് സർക്കുലർ SFCB1/71/2017/22.9.2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമപെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും

മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ച് പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാത്തതുമൂലം പെൻഷണർ മരണപ്പെട്ടതിനുശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിച്ചു നൽകിവരുന്നു. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിക്കുന്നില്ല.

ധനകാര്യ വകുപ്പിന്റെ 5-11-2020-ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അതുമൂലമുണ്ടാകുന്ന നഷ്ടം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഒരിക്കൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത അനർഹമായ തുക തിരികെ പിടിക്കുന്നതിന് നിലവിൽ കൃത്യമായ സംവിധാനങ്ങളില്ലാത്തതിനാൽ ഓരോ തദ്ദേശ സ്ഥാപനത്തിലെ പെൻഷൻ വിതരണത്തിലും ലക്ഷക്കണക്കിന് രൂപയുടെ അധിക ചെലവ് ഉണ്ടാകുന്നു എന്ന് ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും പെൻഷൻ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകിയ സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടികൊണ്ടുള്ള ഓഡിറ്റ് പരാമർശങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു.

സ്ഥാപനത്തിന്റെ പേര്	**ജില്ല**	**ഓഡിറ്റ് വർഷം**	**ഖണ്ഡിക നം.**
(1)	(2)	(3)	(4)
കരിവെള്ളൂർ - പേരളം	കണ്ണൂർ	2019-20	1-15
കുണ്ടറ	കൊല്ലം	2019-20	1-7-3
പാറ്റുവം	കണ്ണൂർ	2019-20	1-7-1
രാമൻതളി	കണ്ണൂർ	2019-20	1-7-1
പാപ്പിനിശ്ശേരി	കണ്ണൂർ	2019-20	1-14
അലയമൺ	കൊല്ലം	2019-20	1-7-1

(1)	(2)	(3)	(4)
നെടുവത്തൂർ	കൊല്ലം	2019 - 20	1-7-1
ഈസ്റ്റ് കല്ലട	കൊല്ലം	2019 - 20	1-7-2
			1-7-4
കൊറ്റങ്കര	കൊല്ലം	2019 - 20	1-7-1
നായരമ്പലം	എറണാകുളം	2019 - 20	1-20
മുടക്കുഴ	എറണാകുളം	2019 - 20	1-23 (3-3)
എളംകുന്നപ്പുഴ	എറണാകുളം	2019 - 20	1-19 (3-2)
ചെപ്പരപ്പടവ്	കണ്ണൂർ	2019 - 20	1-7-1
വാരാപ്പുഴ	എറണാകുളം	2019 - 20	1-19
കിഴക്കമ്പലം	എറണാകുളം	2019 - 20	1-12
മൈലം	കൊല്ലം	2019 - 20	1-7-3
പെരിനാട്	കൊല്ലം	2019 - 20	1-7-2
			1-7-4
			1-7-3
ചാത്തന്നൂർ	കൊല്ലം	2019 - 20	1-7-1
ചവറ	കൊല്ലം	2019 - 20	1-7-1
എഴുകോൺ	കൊല്ലം	2019 - 20	1-7-1

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.1.2)

1230/2024.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടുപോയ അഞ്ച് പെൻഷൻ ഗുണഭോക്താക്കളുടെ തുകയാണ് അക്കൗണ്ടിലേക്ക് വരവ് ചെയ്തിട്ടുള്ളതെന്നും രണ്ട് ഗുണഭോക്താക്കളുടെ തുക ബാങ്കുകളിൽ നിന്നും തിരിച്ച് സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്നും മറ്റ് മൂന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ആവശ്യത്തിന് തുകയില്ലെന്ന് ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും അവരുടെ ബന്ധുക്കൾക്ക് ഇതുസംബന്ധിച്ച് അറിയിപ്പ് നൽകിയതിനെത്തുടർന്ന് തുക അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

44. ബാങ്ക് അക്കൗണ്ടിലേക്ക് വന്ന 23,200 രൂപ തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ശ്രീ. പി. കെ. ഐസക് 8,100 രൂപയും പയസ് ലോക്കസ് 3,000 രൂപയും തിരിച്ചടച്ചിട്ടുണ്ടെന്നും ബാങ്കിന് കത്ത് കൊടുത്തതായ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കി.

45. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ചിട്ടില്ലെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചു. 23,200 രൂപ സർക്കാരിലേക്ക് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി അറിയിച്ചപ്പോൾ 11,100 രൂപ മാത്രമാണ് സർക്കാരിലേക്ക് അടച്ചതെന്ന് കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ചു. തുടർന്ന് തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടിയാണോ സ്വീകരിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് അനന്തരാവകാശികളിൽ നിന്നും തുക ഈടാക്കാനായില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. സർക്കാരിലേക്ക് അടച്ച തുകയുടെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി തുടർന്ന് നിർദ്ദേശിച്ചു.

46. മരിച്ചുപോയ മറ്റ് മൂന്ന് ഗുണഭോക്താക്കളുടെയും അനന്തരാവകാശികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണെന്ന് കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചപ്പോൾ അനന്തരവകാശികളുടെ സാമ്പത്തിക സ്ഥിതി വിശദീകരിച്ചുകൊണ്ട് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

47. കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

48. കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

49. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് 2019-20-ലും 2020-21-ലും സമാനരീതിയിൽ തുക അനർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നതായും ആ രണ്ടുവർഷങ്ങളിലും തുക കൈപ്പറ്റിയ ആൾക്കാരെ കണ്ടെത്തി ബാങ്ക് മുഖാന്തരം കത്ത് കൊടുത്തതായും കൂടാതെ നേരിട്ട് അന്വേഷണം നടത്തുകയും ചെയ്തിരുന്നതായും 80 ശതമാനത്തോളം ആൾക്കാർ പണം തിരിച്ചടച്ചിട്ടുള്ളതായും അതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് കൊടുത്തിട്ടുള്ളതായും എന്നാൽ തിരിച്ചടച്ചത് ഒരു വർഷത്തെ മാത്രമല്ലെന്നും തൊട്ടടുത്ത വർഷവും അനർഹരെ കണ്ടെത്തിയിരുന്നതായും കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. കിഴക്കേ കല്ലട പഞ്ചായത്തിനെ സംബന്ധിച്ച കൂടുതൽ ഓഡിറ്റ് പരാമർശങ്ങളുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

50. ആദ്യത്തെ വർഷം അനർഹരെ കണ്ടെത്തിയ ശേഷം തൊട്ടടുത്ത വർഷവും പരിശോധന നടത്തിയെന്നും അതുസംബന്ധിച്ച് നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പെൻഷൻ സസ്പെൻഡ് ചെയ്യുന്നവരുടെയെല്ലാം അക്കൗണ്ട് പ്രത്യേകം സൂക്ഷിക്കുന്നുണ്ടെന്നും കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

51. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-7-2 പ്രകാരമുള്ള 1,01,000 രൂപയുടെ വിവരങ്ങൾ ഓഡിറ്റിന് എന്നത്തേക്ക് കൈമാറുമെന്ന് സമിതി ആരാഞ്ഞതിന് രണ്ട് ദിവസത്തിനുള്ളിൽ സമർപ്പിക്കാമെന്ന് സെക്രട്ടറി ഉറപ്പുനൽകി. തുകയുടെ വിവരങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

52. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-7-4 എന്ന പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

53. കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ മരണപ്പെട്ട 29 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുക സർക്കാരിന്റെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കണ മെന്നാവശ്യപ്പെട്ട് നൽകിയ കത്ത് സംബന്ധിച്ചുള്ള നിലവിലെ സ്ഥിതിയെന്താണെന്ന്

സമിതി ആരാഞ്ഞതിന്, അഞ്ചുപേരുടെ പെൻഷൻ തുക തിരിച്ചടച്ച വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ ഓഡിറ്റ് വകുപ്പിന് കൊടുത്തിട്ടുണ്ടെന്നും കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് മറുപടി നൽകി.

54. പ്രസ്തുത വിവരം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ബാങ്കുകൾക്ക് പലതവണ പണം തിരിച്ചടക്കാൻ അറിയിപ്പ് നൽകിയിരുന്നുവെന്ന് കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ബോധിപ്പിച്ചു. ശേഷിക്കുന്ന 24 ഗുണഭോക്താക്കളുടെ തുക അടയ്ക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചു. ബാങ്കിലേക്ക് കത്ത് നൽകിയാലും പരിശോധിച്ച ശേഷം അറിയിക്കാമെന്ന് പറഞ്ഞ് തിരിച്ചയയ്ക്കുകയാണ് പതിവെന്ന് ജൂനിയർ സൂപ്രണ്ട് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

55. പ്രസ്തുത വിഷയം ഗൗരവമുള്ളതാണെന്നും എല്ലാ പഞ്ചായത്തുകളെയും സംബന്ധിച്ച വിവരം ശേഖരിച്ച് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൂടുമ്പോൾ ഉന്നയിക്കണമെന്നും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു. ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായും സമിതി വ്യക്തമാക്കി.

56. കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ 2018-19-ൽ 29 പേർ മരണപ്പെട്ടിട്ടും യഥാസമയം വിവരം അറിയിക്കാത്തത് ഗൗരവതരമായ വിഷയമാണെന്ന് സമിതി വിലയിരുത്തി. 29 പേരുടെയും മരണവിവരം കിട്ടാതിരുന്നതിന്റെ ഭാഗമായിട്ടാണോ വിവരം അറിയിക്കാതിരുന്നതെന്നും ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുണ്ടായ പിശക് പരിശോധിക്കുവാനും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

57. കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് ഖണ്ഡിക പ്രകാരം രണ്ട് ഗുണഭോക്താക്കളിൽ ഒരാളിൽ നിന്നും 22-4-2023-ൽ തുക ഈടാക്കിയിട്ടുണ്ടെന്നും മറ്റൊരാൾ ഉടൻ അടയ്ക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചപ്പോൾ ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

58. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 19 ഗുണഭോക്താക്കളിൽ 8 പേരുടെ അനന്തരാവകാശികളിൽ നിന്നും ഈടാക്കിയ 87,400 രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കി 11 ഗുണഭോക്താക്കളുടെ പെൻഷൻ തുക അവകാശികളിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

59. മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക വരാനുള്ള കാരണമെന്താണെന്നും ആയത് പരിശോധിക്കുവാൻ സംവിധാനമുണ്ടോയെന്നും സമിതി ആരാഞ്ഞു. നിലവിൽ കൃത്യമായി പെൻഷൻ വിതരണം നടത്തുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ അവകാശപ്പെടുന്നുണ്ടെന്നും ഓഡിറ്റ് പരാമർശത്തിൽ ചില പ്രത്യേക കേസുകളാണ് പരിഗണിച്ചിട്ടുള്ളതെന്നും ഒട്ടുമിക്ക പഞ്ചായത്തുകളിലും ഇതുപോലെ വീഴ്ചകൾ സംഭവിക്കുന്നുണ്ടെന്നും തുടർന്ന് വിലയിരുത്തിയ സമിതി ഓഡിറ്റ് വകുപ്പിൽ നിന്നും ക്രമക്കേട് കണ്ടെത്തിയതുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

60. സാമൂഹ്യസുരക്ഷാ പെൻഷൻ നേരിട്ടും ബാങ്ക് അക്കൗണ്ട് വഴിയുമാണ് വിതരണം ചെയ്യുന്നതെന്നും സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റ് മുഖാന്തരമാണ് വീടുകളിൽ പെൻഷൻ വിതരണം നടത്തുന്നതെന്നും ഒരു വ്യക്തി മരണപ്പെട്ടാൽ ആ വിവരം കളക്ഷൻ ഏജന്റിന് അറിയാൻ സാധിക്കുന്നതാണെന്നും അബദ്ധവശാൽ ചില കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നതെന്നും എല്ലാ മാസവും പരിശോധന നടത്തണമെന്ന് സെക്രട്ടറിമാർക്ക് നൽകിയ നിർദ്ദേശമനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഡയറക്ടറേറ്റിൽ നിന്നും നടപടി സ്വീകരിക്കുകയും ഫീൽഡ് സ്റ്റാറ്റസ് അതത് മാസം കൃത്യമായി പരിശോധിച്ച് ഗുണഭോക്താവ് ജീവിച്ചിരിപ്പുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

61. പരിശോധന നടത്തിയ ശേഷം ഇത്തരം കേസുകൾ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പെൻഷൻ വിതരണത്തിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ ഭാഗമായാണ് ഇപ്രകാരമുള്ള നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്തതിന്റെ ഭാഗമായി അമ്പതിനായിരത്തോളം ഗുണഭോക്താക്കളെ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്നും ദേശസാൽകൃത ബാങ്കുകളിൽ നിന്ന് പെൻഷൻ വാങ്ങിക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടുപോയാൽ കൃത്യമായ വിവരം ലഭിക്കുന്നില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

62. പ്രാദേശിക സർക്കാരുകളുടെ മേൽനോട്ടക്കുറവുണ്ടെന്നും മാസം തോറും വാർഡുതലത്തിൽ ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി മരണപ്പെട്ടുപോയ ആളുകളുടെ വിവരം ശേഖരിക്കാൻ സാധിക്കുമെന്നും ഈ ഡേറ്റാബേസ് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്യാനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം ബാങ്കുകൾക്ക് നൽകാൻ കഴിയുമെന്നും കാര്യക്ഷമമായി

പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ യാദൃശ്ചികമായി വീഴ്ചകൾ സംഭവിച്ചാൽ പോലും അത് പരിഹരിക്കാൻ സാധിക്കുന്നതാണെന്നും ഡയറക്ടറേറ്റ് മുഖാന്തരം കൃത്യമായ നിർദ്ദേശം നൽകിയതിന്റെ ഫലമായി ഇത്തരത്തിലുള്ള അപാകതകൾ കുറഞ്ഞിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു. തുടർന്ന് ക്രമക്കേടുകൾ കണ്ടുപിടിച്ച് ആവശ്യമായ ഇടപെടൽ നടത്താനുള്ള നിർദ്ദേശം ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

63. കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടുപോയ 18 ഗുണഭോക്താക്കളിൽ അഞ്ച് ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ലെന്നും ബാക്കി 13 പേരിൽനിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

64. കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടുപോയ 28 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ കൈമാറിയത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും അതിൽ 5 ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും 2,25,921 രൂപ തിരികെ ഈടാക്കിയിട്ടുണ്ടെന്നും ബാക്കി 89,499 രൂപയാണ് ലഭിക്കാനുള്ളതെന്നും മരിച്ച ഗുണഭോക്താക്കളുടെ അനന്തരാവകാശികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ലഭ്യമായിക്കഴിഞ്ഞാൽ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നും ചവറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 28 പേരുടെ അനന്തരാവകാശികളിൽ നിന്നും ഈടാക്കിയ തുകയുടെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ, വ്യക്തമാക്കി.

65. ജില്ലാതല പരിശോധന കാര്യക്ഷമമായി നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു. കൊല്ലം ജില്ലയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ട് റദ്ദ് ചെയ്യുന്നതിൽ ശ്രദ്ധക്കുറവുണ്ടായത് ഗൗരവമായി കാണുകയാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പങ്ക് വളരെ വലുതാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

66. കൊല്ലം ജില്ലയിലെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് 2019-20-ൽ ഓഡിറ്റ് പരിശോധന നടത്തിയതിൽ അപാകതകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തി. അനർഹമായ തുക ബാങ്ക് അക്കൗണ്ടിലേക്ക് പോകുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടെന്നും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയതിനു ശേഷമാണോ ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതെന്നും സമിതി ആരാഞ്ഞു. ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാനുള്ള ശ്രമം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നും കൃത്യമായുണ്ടാകുമെന്നും ഇതുസംബന്ധിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശോധന ആവശ്യമാണെന്നും ക്രമക്കേടുകൾ കണ്ടെത്തിയതുൾപ്പെടെയുള്ള പഞ്ചായത്തുകളിൽ പ്രത്യേകിച്ച് പരിശോധന നടത്താമെന്നും എല്ലാ സ്ഥലത്തും നിരന്തരമായി പരിശോധന നടത്തേണ്ടത് ആവശ്യമാണെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു.

67. പുതിയ പ്രവർത്തന മാന്വൽ രൂപീകരണത്തിന്റെ ഭാഗമായി ജോലി വിഭജനം നടത്തുമ്പോൾ സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാൻ പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കാമെന്ന് തദവസരത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. ഇത്തരത്തിലുള്ള നടപടി പരിഹാരം കാണാൻ ഉതകുന്നതാണെന്നും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംവിധാനം ഉപയോഗിച്ച് പരിശോധന നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

68. കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നാല് ഗുണഭോക്താക്കളുടെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് വന്നതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ആയതിൽ വെളിയം, മേലില ഗ്രാമപഞ്ചായത്ത് നിവാസികളായ മീനാക്ഷി, ശ്യാമള എന്നിവർ എഴുകോൺ ഗ്രാമ പഞ്ചായത്തിൽവച്ച് മരണപ്പെട്ടതിനെത്തുടർന്ന് ടി വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിച്ച് പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതാണെന്നും എഴുകോൺ ഗ്രാമപഞ്ചായത്തിലെ ഐസക്ക് മരണപ്പെട്ടതിനുശേഷം അനർഹമായി ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയ 13,600 രൂപ ഈടാക്കി പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും തുക തിരിച്ചടച്ച വിവരം ഓഡിറ്റ് വകുപ്പിനെ 3-5-2023-ന് അറിയിച്ചിട്ടുണ്ടെന്നും ജാനകിയുടെ വാർധക്യകാല പെൻഷനായ 1200 രൂപ മാത്രമാണ് തിരികെ ലഭിക്കാനുള്ളതെന്നും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ തുകയില്ലാത്തതിനാൽ തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് അവരുടെ മകന് കത്ത് നൽകിയിട്ടുണ്ടെന്നും എഴുകോൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (അധിക ചുമതല) സമിതിയെ അറിയിച്ചു. ആയതു സംബന്ധിച്ച് യാതൊരു രേഖയും ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 3-5-2023-ന് ഓഡിറ്റ് വകുപ്പിലേക്ക് ഇ-മെയിൽ അയച്ചിട്ടുണ്ടെന്നും 2-5-2023-നാണ് തുക സർക്കാരിലേക്ക് തിരിച്ചടച്ചതെന്നും രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാമെന്നും എഴുകോൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (അധിക ചുമതല) വ്യക്തമാക്കി.

69. എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

70. എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

71. എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായുത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടി സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, അഞ്ച് ബാങ്കുകൾക്കാണ് തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതെന്നും അതിൽ ഒരു ബാങ്കിൽ നിന്നും നാല് പേരുടെ തുക തിരിച്ചടച്ചിട്ടുണ്ടെന്നും മറ്റ് ബാങ്കുകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുകയില്ലാത്തതുകാരണം ട്രാൻസ്ഫർ ചെയ്ത പെൻഷൻ തുക തിരികെ ലഭിച്ചിട്ടില്ലെന്നും അനർഹമായി അക്കൗണ്ടിൽ വന്ന തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് അവകാശികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ടി തുക ഈടാക്കുന്നതിനായി ആർ.ആർ. നടപടി സ്വീകരിക്കുന്നതാണെന്നും എളങ്കുന്നപ്പുഴ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു.

72. എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

73. എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ അന്നം മാത്യു എന്ന വ്യക്തി അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ഒരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് വരവുവച്ച തുകയാണ് തിരിച്ചുകിട്ടാനുള്ളതെന്നും ടി തുക ഈടാക്കുന്നതിനായി ആർ.ആർ. നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് തുക ഈടാക്കുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പിന് രേഖകൾ ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു.

74. കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ നാല് ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും അതിൽ രണ്ടുപേരുടെ പെൻഷൻ തുക ബാങ്കിൽ നിന്നും സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്നും മറ്റ് രണ്ട് ഗുണഭോക്താക്കളുടെ ഏപ്രിൽ മാസത്തെ പെൻഷൻ തുക മുൻകൂറായാണ് ലഭിച്ചതെന്നും അവർ 27-3-2019, 21-3-2019 എന്നീ തീയതികളിലാണ് മരണപ്പെട്ടതെന്നും മാർച്ച് മാസത്തെ ആദ്യവാരത്തിൽ പെൻഷൻ തുക മുൻകൂറായി ലഭിച്ചിട്ടുണ്ടെന്നും അവർ ജീവിച്ചിരിക്കുമ്പോൾ തന്നെയാണ് പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളതെന്നും കരിവെള്ളൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് ഏപ്രിൽ മാസത്തെ പെൻഷൻ മുൻകൂറായി ഗുണഭോക്താക്കൾക്ക് നൽകിയതെന്നും പ്രസ്തുത തുക വാങ്ങിയതിനുശേഷമാണ് അവർ മരണപ്പെട്ടിട്ടുള്ളതെന്നും സമിതി വിലയിരുത്തി. ടി വിഷയത്തിൽ അനന്തരാവകാശികളിൽ നിന്നും പെൻഷൻ തുക തിരിച്ചുപിടിക്കാൻ സാധിക്കില്ലെന്നും തുക ഈടാക്കുന്നത് ശരിയായ നടപടിയായിരിക്കില്ലെന്നും വിലയിരുത്തിയ സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു. പരാമർശ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് (അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക്) സമിതി നിർദ്ദേശം നൽകി.

75. കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

76. കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

77. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഒരു ഗുണഭോക്താവിൽ നിന്നുമാണ് തുക തിരികെ ലഭിക്കാനുള്ളതെന്നും ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

78. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ മൂന്ന് ഗുണഭോക്താക്കളുടെ അനന്തരവാകാശികളിൽ നിന്നായി 15,700 രൂപ തിരിച്ചടച്ചിട്ടുണ്ടെന്ന് ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

79. കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ട രണ്ട് പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന 23,200 രൂപ സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മരണപ്പെട്ട മറ്റ് മൂന്ന് ഗുണഭോക്താക്കളുടെയും അനന്തരാവകാശികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്ന് കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തരവകാശികളുടെ സാമ്പത്തിക സ്ഥിതി വിശദീകരിച്ചുകൊണ്ട് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

80. കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

81. കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

82. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് ഖണ്ഡിക 1-7-2 പ്രകാരം സർക്കാരിലേക്ക് അടവാക്കുകയോ അനർഹമായി കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുകയോ ചെയ്യാത്ത 1,01,000 രൂപയുടെ വിശദാംശം ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

83. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-7-4 ലെ പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

84. കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ 2018-19 ൽ 29 പേർ മരണപ്പെട്ടിട്ടും യഥാസമയം വിവരം അറിയിക്കാത്തത് ഗൗരവതരമായ വിഷയമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുണ്ടായ വീഴ്ച പരിശോധിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. മരണപ്പെട്ട 29 ഗുണഭോക്താക്കളുടെയും അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത തുക

സർക്കാരിന്റെ Social Security Pension Fund-ലേക്ക് അടവാക്കാത്തത് ഗൗരവമുള്ള വിഷയമാണെന്നും എല്ലാ പഞ്ചായത്തുകളെയും സംബന്ധിച്ച വിവരം ശേഖരിച്ച് State Level Bankers Committee കൂടുമ്പോൾ ഉന്നയിക്കണമെന്നും ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

85. കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് ഖണ്ഡിക പ്രകാരം രണ്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ തുകയിൽ ഒരാളുടെ അക്കൗണ്ടിൽ നിന്നും 22-4-2023-ൽ തുക ഈടാക്കിയിട്ടുണ്ടെന്നും മറ്റൊരാൾ ഉടൻ അടയ്ക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

86. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-7-3 ലെ പരാമർശത്തിന്മേൽ 19 പെൻഷൻ ഗുണഭോക്താക്കളിൽ 8 പേരുടെ അനന്തരാവകാശികൾ പെൻഷൻ തുക അവകാശികളിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള വിശദാംശം ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് ഖണ്ഡിക 1-7-2, 1-7-4 എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

87. മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക എത്തുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയവയ്ക്ക് പുറമേ ഒട്ടുമിക്ക പഞ്ചായത്തുകളിലും ഇതു പോലുള്ള വീഴ്ചകൾ സംഭവിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് വകുപ്പ് ക്രമക്കേട് കണ്ടെത്തിയ സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിലെ ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിച്ച് ആവശ്യമായ ഇടപെടൽ നടത്താനുള്ള നിർദ്ദേശം ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

88. കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് അഞ്ച് പേരിൽ നിന്നും തുക ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകളും ശേഷിക്കുന്ന 13 പേരിൽനിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകളും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

89. കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടുപോയ 28 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ കൈമാറിയത് സംബന്ധിച്ച് അനന്തരാവകാശികളിൽ നിന്നും ഈടാക്കിയ തുകയുടെ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

90. കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

91. എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

92. എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

93. എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

94. എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

95. എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ ശ്രീമതി അന്നം മാത്യു അനർഹമായി കൈപ്പറ്റിയ കർഷക തൊഴിലാളി പെൻഷൻ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച ശേഷം ഓഡിറ്റ് വകുപ്പിന് രേഖകൾ ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

96. കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ നാല് ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് ഏപ്രിൽ മാസത്തെ പെൻഷൻ മുൻകൂറായി ഗുണഭോക്താക്കൾക്ക് നൽകിയതെന്നും പ്രസ്തുത തുക വാങ്ങിയതിനു ശേഷമാണ് രണ്ട് പേർ മരണപ്പെട്ടതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മരണപ്പെട്ട പ്രസ്തുത രണ്ട് ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും പെൻഷൻ തുക തിരിച്ചുപിടിക്കാൻ സാധിക്കില്ലെന്നും തുക ഈടാക്കുന്നത് ശരിയായ നടപടിയായിരിക്കില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കുവാൻ ഓഡിറ്റ് വകുപ്പിനോടും പരാമർശ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയോടും സമിതി നിർദ്ദേശിക്കുന്നു.

97. കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

98. കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

99. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഒരു ഗുണഭോക്താവിൽ നിന്നുമാണ് തുക തിരികെ ലഭിക്കാനുള്ളതെന്നും ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

100. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ മൂന്ന് ഗുണഭോക്താക്കളുടെ അനന്തരവാകാശികളിൽ നിന്നായി 15,700 രൂപ തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

101. പുതിയ പ്രവർത്തന മാന്വൽ രൂപീകരണത്തിന്റെ ഭാഗമായി ജോലി വിഭജനം നടത്തുമ്പോൾ സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാൻ പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ ക്രമക്കേടുകൾക്ക് പരിഹാരം കാണാൻ ഉതകണമെന്ന് സമിതി പ്രത്യാശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം പെൻഷൻ നേരിട്ട് നൽകിയതായി കാണിച്ചിരിക്കുന്നു - സാമ്പത്തിക ക്രമക്കേട്

ജി.ഒ.(എം.എസ്.)324/2016/ധന., തീയതി 15-8-2016 പ്രകാരം ജില്ലാ സഹകരണസംഘം/ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ ഗുണഭോക്താവിന്റെ കൈകളിൽ നേരിട്ട് എത്തിക്കുന്നതിന് നടപടികൾ (ഡയറക്ട് - റ്റു - ഹോം) സ്വീകരിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം ഐ.കെ.എം. നൽകുന്ന പ്രിന്റ് ചെയ്ത ഗുണഭോക്തൃലിസ്റ്റ് വായ്പാ സംഘങ്ങൾക്ക് അവർക്ക് അനുവദിച്ചിട്ടുള്ള ലോഗിൻ പാസ്‌വേർഡ് ഉപയോഗിച്ച് "സേവനയിൽ" നിന്ന് എടുക്കാവുന്നതും, വിതരണത്തിനായി സംഘങ്ങൾ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ നിശ്ചിത സമയത്തിനുള്ളിൽ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ പ്രിന്റ് ചെയ്ത ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താവിന്റെ ഒപ്പോ വിരലടയാളമോ പതിപ്പിച്ച് പെൻഷൻ വിതരണം ചെയ്യേണ്ടതുമാണ്. ഒപ്പ്/വിരലടയാളം രേഖപ്പെടുത്തിയ സ്ലോളിന്റെ കൗണ്ടർഫോയിൽ സംഘത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും സംഘം സെക്രട്ടറി പെൻഷൻ വിതരണം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ സോഫ്റ്റ്‌വെയറിൽ വരുത്തേണ്ടതുമാണ്. 15 ദിവസത്തിനകം വിതരണം പൂർത്തിയാക്കണമെന്നും വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കണമെന്നും സർക്കാർ ഉത്തരവ് (എം.എസ്.)381/2017/ധന/17-8-2017-ൽ നിർദ്ദേശിച്ചിരുന്നു. പെൻഷണർ മരണപ്പെടുന്ന സംഗതികളിൽ മരണം അതാത് മാസം തന്നെ പ്രാദേശിക

സർക്കാരിലെ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സെക്രട്ടറി, മരണമടഞ്ഞ പെൻഷണറുടെ അക്കൗണ്ട് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി മരണം റിപ്പോർട്ട് ചെയ്യാതെ ഗുണഭോക്താവിന് നേരിട്ട് നൽകിയതായി കാണിച്ച് തുക വിനിയോഗിച്ചു . ഇത്തരത്തിൽ തുക ക്രമരഹിതമായി വിനിയോഗിച്ച ചില പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-7-3)

Para Number	1-7.3
Para Heading	മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ടു നൽകിയതായി കാണിച്ച് 5000 രൂപ അപഹരിച്ചു.
Major Account Head	160000000 - Revenue Grants, Funds, Contributions & Compensations/Subsidies-Income
Detailed Account Head	160100304 - State Sponsored Schemes - Destitute/Widow Pension - Rural
Major Audit Head	State Sponsored Schemes-Social Welfare Pensions - Payments
Minor Audit Head	Widow Pension
SubAudit Head	Payment
Detailed sub Audit Head	Others, Fraud on Direct Pension payment by Co-operative Society

ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ഗുണഭോക്താവായ ശ്രീമതി തങ്കമ്മ (പെൻഷൻ ഐ.ഡി.-103450600669) പള്ളിയാടിയിൽ, കൊട്ടുവിള എന്നയാൾ 31-3-2020-ൽ മരണപ്പെട്ടിട്ടുള്ളതാണ്. ടിയാരി ഈസ്റ്റ് കല്ലട തെക്ക് സർവ്വീസ് സഹകരണ ബാങ്ക് -നമ്പർ 187-ൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങി കൊണ്ടിരുന്നയാളാണ്. ഈ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ഡിസംബർ 2019 മുതൽ ജൂൺ 2020 വരെയുള്ള പെൻഷൻ നൽകിയിട്ടില്ല. എന്നാൽ ജൂലൈ 20, ആഗസ്റ്റ് 20 മാസങ്ങളിലെ പെൻഷൻ

2,600 രൂപ (ഡി.ബി.റ്റി.റഫറൻസ് 202006004) ഗുണഭോക്താവ് കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ നൽകിയിട്ടുമില്ല. ഡി.ബി.റ്റി. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>പൊതുവായ വിവരങ്ങൾ</u>

പ്രതിമാസ പെൻഷൻ തുക	:	₹ 1500
അക്കൗണ്ട് മോഡ്	:	ഡയറക്റ്റ് ടു ഹോം
ബാങ്ക് പോസ്റ്റ് ഓഫീസിന്റെ പേര്		
അക്കൗണ്ട് നമ്പർ (IFSC/eMO Code)		
ആധാർ നമ്പർ/വെച്വൽ ഐ.ഡി.	:	267017718359
ആധാർ ഓതന്റ്റിക്കേഷൻ സ്റ്റാറ്റസ്	:	ഓതന്റ്റിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല
മസ്റ്ററിംഗ് / ലൈഫ് സർട്ടിഫിക്കറ്റ് സ്റ്റാറ്റസ്	:	ഇ മസ്റ്റർ ചെയ്തിട്ടുണ്ട് (28-11-2019)
പുനർ/വിവാഹിത അല്ല സർട്ടിഫിക്കറ്റ് സ്റ്റാറ്റസ്	:	ബാധകമല്ല
ഇലക്ടൽ കാർഡ് നമ്പർ	:	രേഖപ്പെടുത്തിയിട്ടില്ല
റേഷൻ കാർഡ് നമ്പർ	:	രേഖപ്പെടുത്തിയിട്ടില്ല
മൊബൈൽ നമ്പർ	:	രേഖപ്പെടുത്തിയിട്ടില്ല
പെൻഷൻ വിതരണം തുടങ്ങിയ മാസം	:	Feb-2011
പ്രാദേശിക സർക്കാർ അവസാനമായി വിതരണം നടത്തിയ മാസം	:	Nov-2014
സ്റ്റാറ്റസ്	:	ആക്ടീവ്-ഫയൽ നടപടി വിവരണം
ഡിജിറ്റൽ സൈൻ സ്റ്റാറ്റസ്	:	ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ട്

മറ്റുള്ള വിവരങ്ങൾക്ക് ഇവിടെ സെലക്ട് ചെയ്യുക.

അറ്റാച്ച്മെന്റ് വിവരങ്ങൾക്ക് ഇവിടെ സെലക്ട് ചെയ്യുക.

ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾക്ക് ഇവിടെ സെലക്ട് ചെയ്യുക.

ഡിബിറ്റി വിതരണം സംബന്ധിച്ച വിശദമായ വിവരങ്ങൾക്ക് ഡിബിറ്റി റെഫറൻസ് നമ്പറിൽ ക്ലിക്ക് ചെയ്യുക

ക്രമ നം.	ഡിബിറ്റി റെഫറൻസ് നമ്പർ	വിതരണം നടത്തിയ മാസം	ബാങ്ക് പോസ്റ്റ് ഓഫീസിന്റെ പേര്	അക്കൗണ്ട് നമ്പർ (IFSC/eMO Code)	തുക	സ്റ്റാറ്റസ്	ബാങ്ക്/ പോസ്റ്റ് ഓഫീസ് റിമാർക്ക്	ബിൽ റിമാർക്ക്	പിഎൻആർ/ യുറ്റിആർ നം.
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
1	201506004	April - 2015	ഈസ്റ്റ് കല്ലട	704412 (55870)	800	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	Success		

16	201606013	Oct, Nov, December-2016	CANARA BANK	1024108113893 (CNRB0001024)	3000	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	Success
17	201706001	Jan, Feb, March-2017	CANARA BANK	1024108113893 (CNRB0001024)	3000	തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	Success
18	201706002	April-2017	ഡയറക്റ്റ് ടു ഹോം		1100	തുക കൈപ്പറ്റി	Success

(1)	(2)	(3)	(4)	(5)	(6)	(7)	(8)
19	201706003	May, June, July, August 2017	ഡയറക്റ്റ് ഹോം		4400	തുക കൈപ്പറ്റി	Success
20	201706005	Sept, Oct, Nov-2017	ഡയറക്റ്റ് ഹോം		3300	തുക കൈപ്പറ്റി	Success
21	201806001	Dec-2017, Jan, Feb, March -2018	ഡയറക്റ്റ് ഹോം		4400	തുക കൈപ്പറ്റി	Success
22	201806002	April, May, June, July-2018	ഡയറക്റ്റ് ഹോം		4400	തുക കൈപ്പറ്റി	Success
23	201806006	Aug, Sept, Oct, Nov-2018	ഡയറക്റ്റ് ഹോം		4400	തുക കൈപ്പറ്റി	Success
24	201806007	Dec-2018, Jan, Feb, March, April-2019	ഡയറക്റ്റ് ഹോം		5600	തുക കൈപ്പറ്റി	Success
25	201906001	May, June, July-2019	ഡയറക്റ്റ് ഹോം		3600	തുക കൈപ്പറ്റി	Success
26	201906003	Aug, Sept-2019	ഡയറക്റ്റ് ഹോം		2400	തുക കൈപ്പറ്റി	Success

(1)	(2)	(3)	(4)	(5)	(6)	(7)	(8)
27	201906005	Oct, Nov-2019	ഡയറക്ക്ട് ഹോം		2400	തുക കൈപ്പറ്റി	Success
28	202006001	Dec-2019, Jan, Feb, March, April-2020	ഡയറക്ക്ട് ഹോം		6100	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
29	202006003	May, June-2020	ഡയറക്ക്ട് ഹോം		2600	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
30	202006004	July, Aug-2020	ഡയറക്ക്ട് ഹോം		2600	തുക കൈപ്പറ്റി	Success
31	202006005	Sept-2020	ഡയറക്ക്ട് ഹോം		1400	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
32	202006006	Oct-2020	ഡയറക്ക്ട് ഹോം		1400	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
33	202006008	Nov-2020	ഡയറക്ക്ട് ഹോം		1400	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
34	202006009	Dec-2020	ഡയറക്ക്ട് ഹോം		1400	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
35	202006010	Jan-2021	ഡയറക്ക്ട് ഹോം		1500	തുക കൈമാറാൻ സാധിച്ചിട്ടില്ല	Deceased
36	202006011	Feb-2021	ഡയറക്ക്ട് ഹോം		1500	തുക സഹകരണ ബാങ്കിന് കൈമാറി	Success

മറ്റൊരു ഗുണഭോക്താവായ സെലീന (103450200933) 27-5-2018-ൽ മരണപ്പെട്ടു എങ്കിലും അദ്ദേഹത്തിന് ഏപ്രിൽ 2018 മുതൽ ജൂലൈ 2018 വരെയുള്ള പെൻഷൻ 2,400 രൂപ മരണശേഷം നേരിട്ട് വിതരണം നടത്തിയതായി കാണിച്ചിരിക്കുന്നു.

ഈ തുകകൾ ലിസിമോൾ എന്ന ഏജന്റാണ് വിതരണം നടത്തിയതായി കാണിച്ചിട്ടുള്ളത്. ഇത് ഒരു സാമ്പത്തിക ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു.

b) ചപ്പാരപടവ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ (ഓഡിറ്റ് റിപ്പോർട്ട് 2019-20 ഖണ്ഡിക: 1-7-2)

Para Number	1-7.2
Para Heading	'ഡയറക്ട് ടു ഹോം' സംവിധാനം വഴി പെൻഷൻ നൽകി വരുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകി
Major Account Head	160000000 – Revenue Grants, Funds, Contributions & Compensations / Subsidies - Income
Detailed Account Head	160100302 - State Sponsored Schemes – National Old Age Pension - Rural
Major Audit Head	State sponsored schemes-social welfare pensions -Payments
Minor Audit Head	Old age Pension
Sub Audit Head	Payment
Detailed Sub Audit Head	Excess payment made

ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് മരണശേഷവും 'ഡയറക്ട് ടു ഹോം' സംവിധാനം വഴി പെൻഷൻ നൽകിയിട്ടുള്ളതായി കാണുന്നു.

പേര്	ആധാർ നമ്പർ	പെൻഷൻ ഐ.ഡി.	മരണപ്പെട്ട തീയതി	മരണം രജിസ്റ്റർ ചെയ്ത തീയതി	റിമാർക്ക്സ്
ജോസഫ് വലിയ വീട്ടിൽ	5875698 94735	111170200137	16-2-2019	28-2-2019	4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ നൽകിയിട്ടുണ്ട് (ഡയറക്ട് ടു ഹോം). നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റഡ് ആണ്.

ഡിസംബർ 2018 മുതൽ ഏപ്രിൽ 2019 വരെയുള്ള 5 മാസത്തെ പെൻഷൻ തുകയായ 7,500 രൂപ ഒറ്റത്തവണയായാണ് വിതരണം ചെയ്തിട്ടുള്ളത്. ഡയറക്ട് ടു ഹോം സംവിധാനം വഴി ഗുണഭോക്താവ് തുക നേരിട്ട് കൈപ്പറ്റണമെന്നിരിക്കേ മേൽ തുക കൈമാറിയത് സാമ്പത്തിക ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു.

c) കുണ്ടറ ഗ്രാമപഞ്ചായത്ത്, കൊല്ലം (ഓഡിറ്റ് റിപ്പോർട്ട് 2019-20 ഖണ്ഡിക: 1-7-2)

Para Number	1-7.2
Para Heading	മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ അപഹരിച്ചു. - 4,46,800 രൂപയുടെ സർക്കാർ പണം നഷ്ടപ്പെട്ടു.
Major Account Head	160000000 – Revenue Grants, Funds, Contributions & Compensations / Subsidies - Income
Detailed Account Head	160100302 - State Sponsored Schemes – National Old Age Pension - Rural
Major Audit Head	State sponsored schemes – social welfare pensions - Payments
Minor Audit Head	Old age Pension
Sub Audit Head	Payment
Detailed Sub Audit Head	Excess payment made

കുണ്ടറ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ മരണപ്പെട്ട 24 ഗുണഭോക്താക്കളുടെയും സർക്കാർ ജോലി ലഭിച്ചതു കാരണം അർഹത നഷ്ടപ്പെട്ട ഒരു ഗുണഭോക്താവിന്റേതും ചേർത്ത് ആകെ 25 ഗുണഭോക്താക്കൾക്ക് അർഹത ഇല്ലാത്ത കാലഘട്ടത്തിൽ പെൻഷൻ വിതരണം നടത്തിയതായി കണ്ടെത്തി. ഇവരെല്ലാം 1, 14 വാർഡുകളിൽ ഉൾപ്പെട്ടിരുന്ന വരാണെന്നും പേരയം സർവ്വീസ് സഹകരണ ബാങ്ക് വഴി നേരിട്ട് പണം സ്വീകരിച്ചിരുന്ന വരുമാണെന്ന് വ്യക്തമായി. ഇതനുസരിച്ച് വിതരണ രേഖകൾ ഹാജരാക്കാൻ പേരയം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയോട് ആവശ്യപ്പെടുകയും അങ്ങനെ ഹാജരാക്കിയ കൈപ്പറ്റ് രസീതിലെ ഒപ്പിലും വിരലടയാളത്തിലും പൊരുത്തക്കേടുകൾ കണ്ടെത്തുകയും ചെയ്തു. ഇവയെല്ലാം വിതരണം നടത്തിയത് ബാങ്ക് നിയോഗിച്ച ഏജന്റ് ആണ്. ഈ വിഷയത്തിൽ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരിച്ച തീയതി	അനർഹമായ കാലയളവ്	അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക
(1)	(2)	(3)	(4)	(5)	(6)	(7)
1	വിജയമ്മ	വിധവ	103440600326	31-12-15	9/17 മുതൽ 7/19 വരെ	25,700
2	വർഗ്ഗീസ് ഉമ്മൻ	വാർദ്ധക്യ കാലം	103440200359	20-3-18	12/17 മുതൽ 4/19 വരെ	18,800
3	ശിവദാസൻ	വാർദ്ധക്യ കാലം	103440200701	25-4-18	4/18 മുതൽ 4/19 വരെ	7,800
4	ഉണ്ണുണ്ണി	വാർദ്ധക്യ കാലം	103440100007	23-9-17	9/17 മുതൽ 7/19 വരെ	25,700
5	ഭരതൻ	വാർദ്ധക്യ കാലം	103440200734	15-2-14	7/16 മുതൽ 9/16 വരെ	15,000
6	ശാരദ	വാർദ്ധക്യ കാലം	103440200733	6-7-16	7/16 മുതൽ 9/16 വരെ	15,000
7	ഗോപാലൻ	വാർദ്ധക്യ കാലം	103440200008	12-9-18	8/18 മുതൽ 7/19 വരെ	18,000
8	കൊച്ചുമ്മൻ	വാർദ്ധക്യ കാലം	103440200090	8-4-19	12/18 മുതൽ 7/19 വരെ	12,000
9	വൈ. കൊച്ചുമ്മൻ	വാർദ്ധക്യ കാലം	103440200501	23-2-19	2/18 മുതൽ 7/19 വരെ	12,000
10	കുഞ്ഞേലി	വാർദ്ധക്യ കാലം	103440200297	22-6-19	5/19 മുതൽ 7/19 വരെ	4,500
11	കുട്ടപ്പൻ	വാർദ്ധക്യ കാലം	103440200806	20-11-18	8/18 മുതൽ 7/19 വരെ	18,000
12	രവി	വാർദ്ധക്യ കാലം	103440201599	19-10-18	8/18 മുതൽ 7/19 വരെ	13,600

(1)	(2)	(3)	(4)	(5)	(6)	(7)
13	വിജയൻ	വാർദ്ധക്യ കാലം	103440201 802	24-11-18	11/18 മുതൽ 7/19 വരെ	10,300
14	ബെൽസിറ്റ	വാർദ്ധക്യ കാലം	10344060 0342	9-11-15	4/18 മുതൽ 7/19 വരെ	18,000
15	അച്ചാമ്മ	വാർദ്ധക്യ കാലം	10344060 0513	17-10-18	8/18 മുതൽ 7/19 വരെ	7,200
16	ദേവകിയമ്മ	വാർദ്ധക്യ കാലം	10344020 0080	22-2-19	12/18 മുതൽ 7/19 വരെ	12,000
17	രാമചന്ദ്രൻ	വാർദ്ധക്യ കാലം	10344020 0425	19-4-17	9/17 മുതൽ 7/19 വരെ	34,200
18	നടേശൻ	വാർദ്ധക്യ കാലം	10344020 0721	11-1-17	1/17 മുതൽ 7/19 വരെ	34,500
19	ചന്ദ്രികയമ്മ	വാർദ്ധക്യ കാലം	103440201 738	16-1-19	9/17 മുതൽ 7/19 വരെ	9,200
20	കുഞ്ഞമ്മ	വാർദ്ധക്യ കാലം	10344060 0055	3-1-19	12/18 മുതൽ 7/19 വരെ	9,200
21	ശാരദ	വാർദ്ധക്യ കാലം	10344060 0861	30-6-17	12/18 മുതൽ 7/19 വരെ	30,100
22	തങ്കമ്മ യോഹന്നാൻ	വാർദ്ധക്യ കാലം	10344020 0422	18-6-19	5/19 മുതൽ 7/19 വരെ	4,500
23	രാജമ്മയമ്മ	വാർദ്ധക്യ കാലം	103440201 190	9-12-17	9/17 മുതൽ 7/19 വരെ	13,800
24	മിനിമോൾ	വാർദ്ധക്യ കാലം	10344060 0175	9-3-17	1/17 മുതൽ 7/19 വരെ	37,200
25	കൊച്ചു കുഞ്ഞ്	വാർദ്ധക്യ കാലം	10344020 0009	6-6-17	5/17 മുതൽ 7/19 വരെ	40,500
ആകെ						**4,46,800**

ഇത്തരത്തിൽ 4,46,800 രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നതായി വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

102. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് രണ്ട് ഗുണഭോക്താക്കൾ മരണപ്പെട്ടുവെന്നും കളക്ഷൻ ഏജന്റ് മുഖാന്തരമാണ് അവർക്ക് പെൻഷൻ നൽകിയിരുന്നതെന്നും അതിലൊരാൾ പഞ്ചായത്തിൽ വച്ചാണ് മരണപ്പെട്ടതെന്നും ഗുണഭോക്താവിന്റെ പെൻഷൻ ചെറുമകന്റെ കൈവശമാണ് കൊടുത്തിരുന്നതെന്നും ടിയാൻ മരണവിവരം കളക്ഷൻ ഏജന്റിനെ യഥാസമയം അറിയിച്ചിരുന്നില്ലെന്നും വിവരമറിഞ്ഞ ശേഷം ചെറുമകനിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം തിരിച്ചുവാങ്ങിയിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് പ്രഥമ മറുപടിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

103. കൊല്ലം കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നുള്ള സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

104. കണ്ണൂർ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

105. കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

106. കൊല്ലം കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച മറുപടി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

107. കണ്ണൂർ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

108. കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സാമൂഹ്യസുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല. അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത.

സാമൂഹ്യസുരക്ഷാ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ്‌വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. എന്നാൽ പെൻഷണർക്ക് അർഹത നഷ്ടപ്പെടുന്ന സാഹചര്യം പലപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നത് അർഹത ഇല്ലാതായതിനുശേഷം ദിവസങ്ങളോ മാസങ്ങളോ കഴിഞ്ഞിട്ടാണ്. ടി തീയതിയിലായിരിക്കും പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നത്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാൽ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതിയുടെ വിവരങ്ങൾ നിലവിൽ ലഭ്യമാകാനുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ കുണ്ടറ ഗ്രാമപഞ്ചായത്തിൽ സസ്പെൻഷൻ റിക്വസ്റ്റിൽ ഫയൽ നമ്പർ നൽകുന്നതല്ലാതെ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ല. സേവന സോഫ്റ്റ്‌വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇതുമൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതായി ഓഡിറ്റ് കണക്കാക്കുന്നു.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ടുള്ള ഓഡിറ്റ് പരാമർശങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	**ജില്ല**	**ഓഡിറ്റ് വർഷം**	**ഖണ്ഡിക നമ്പർ**
പെരിനാട്	കൊല്ലം	2019-20	1-7-2
മൈലം	കൊല്ലം	2019-20	1-7-1
ഈസ്റ്റ് കല്ലട	കൊല്ലം	2019-20	1-7-1
വടവുക്കോട് പുത്തൻകുരിശ്	എറണാകുളം	2019-20	1-6-1
കുണ്ടറ	കൊല്ലം	2019-20	1-7-1
കണ്ണപുരം	കണ്ണൂർ	2019-20	1-16

ശിപാർശകൾ

1) ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം അവസാനിപ്പിക്കുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനും അപേക്ഷകളുടെ അർഹതാ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് സമയ പരിധി അനുവദിച്ച് നൽകുന്നതിനും സർക്കാരിന്റെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2) ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യുന്ന ഘട്ടങ്ങളിൽ ഗുണഭോക്താവിന്റെ മരണവിവരം പെൻഷൻ വിതരണം ചെയ്യുന്ന പ്രാദേശിക സർക്കാർ അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. അതേ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ളിൽ തന്നെ മരണം സംഭവിക്കുന്ന ഘട്ടങ്ങളിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ മരണപ്പെട്ട വ്യക്തി ഏതെങ്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി പെൻഷൻ/കർഷക പെൻഷൻ കൈപ്പറ്റുന്ന ആളാണോയെന്നറിയുന്നതിന് മാർഗ്ഗങ്ങളില്ല. മരണ രജിസ്ട്രേഷന് ആധാർ നിർബന്ധമല്ലാതെയാക്കി സർക്കാർ ഉത്തരവുള്ളതിനാൽ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരുടെ മരണ രജിസ്ട്രേഷന് ആധാർ ലഭ്യമാക്കാത്ത പക്ഷം പെൻഷൻ ഐ.ഡി. നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3) മരണം ഏത് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും മരണപ്പെട്ട വ്യക്തി സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താവാണെന്ന് പരിശോധിക്കേണ്ടതും പെൻഷൻ അനുവദിച്ചിട്ടുള്ള തദ്ദേശസ്ഥാപനത്തിൽ ടിയാന്റെ പെൻഷൻ അതേ ദിവസം തന്നെ സസ്പെന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കാവുന്നതാണ്. ഇത്തരത്തിൽ വിവരമറിയിക്കുന്നതിന് കാലതാമസം വരുത്തുന്ന

പക്ഷം അതിനെ തുടർന്ന് അധികമായി പെൻഷൻ അനുവദിക്കപ്പെട്ടാൽ ആയത് മരണം രജിസ്റ്റർ ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കാവുന്നതാണ്.

4) മരണം ഒരു പ്രാദേശിക സർക്കാരിലും രജിസ്റ്റർ ചെയ്യപ്പെടാത്ത സാഹചര്യമുണ്ടാകാനിടയുണ്ട്. ആശ/അങ്കണവാടി വർക്കർമാർ ഓരോ വാർഡിലും നടക്കുന്ന മരണങ്ങൾ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ.(എം.എസ്) 97/20/ധന/23-9-2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടാതിരിക്കുന്നതാണ് മേൽപ്രകാരമുള്ള അപാകതകൾക്ക് കാരണമായിട്ടുള്ളത്. ആയതിനാൽ ഓരോ വാർഡിലും നടന്ന മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ ആശ/അങ്കണവാടി വർക്കർമാരുടെ പ്രവർത്തനം അതാത് വാർഡ് മെമ്പർമാരും/കൗൺസിലർമാരും മോണിട്ടർ ചെയ്യുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

5) സഹകരണ സംഘം വഴി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവർക്ക് മരണം സംഭവിക്കുമ്പോൾ അതാത് മാസം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സഹകരണ സംഘത്തിൽ നിന്ന് അറിയിപ്പ് കിട്ടിയാലുടൻ തന്നെ മരണം നടന്നിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തി പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ യഥാസമയം സഹകരണ സംഘം അറിയിക്കാത്തതുമൂലമോ സെക്രട്ടറി പെൻഷൻ സസ്പെൻഡ് ചെയ്യാത്തതുമൂലമോ തുടർന്നും മരിച്ചവരുടെ പേരിലുള്ള പെൻഷൻ സഹകരണ സംഘങ്ങൾക്ക് വിതരണം നടത്തുന്നതിനായി ലഭിക്കുന്നു. ഇത് ക്രമരഹിതമായ ധനവിനിയോഗത്തിന് ഇടയാക്കുന്നു. ആയതിനാൽ സാമൂഹ്യസുരക്ഷാ പെൻഷണറുടെ മരണം യഥാസമയം റിപ്പോർട്ട് ചെയ്യാത്ത സംഘത്തിനും മരണവിവരം സംഘത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കാവുന്നതുമാണ്. "ഡയറക്ട് ടു ഹോം" സംവിധാനം വഴി ക്ഷേമപെൻഷൻ വിതരണം ചെയ്യുന്ന ധനകാര്യ സ്ഥാപനത്തിലെ ഏജന്റ്/ജീവനക്കാരന് ഗുണഭോക്താവിന്റെ അർഹത സ്ഥാപനത്തിൽ നേരിട്ട് റിപ്പോർട്ട് ചെയ്യാനുള്ള വ്യവസ്ഥയുണ്ടാക്കേണ്ടതാണ്.

6) സേവന സോഫ്റ്റ്‌വെയറിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് റിക്വസ്റ്റ് നൽകുമ്പോൾ ഫയൽ നമ്പർ നിർബന്ധമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പെൻഷൻ സസ്പെൻഷന് ഫയൽ സൂക്ഷിക്കാത്തതിനാൽ തെറ്റായ/ ഇല്ലാത്ത ഫയൽ നമ്പർ നൽകിയാണ് പെൻഷൻ സസ്പെൻഷൻ നടപടി പൂർത്തിയാകുന്നത്. പെൻഷൻ സസ്പെൻഷൻ ലിസ്റ്റ് സേവന സോഫ്റ്റ്‌വെയറിൽ നിന്നും

എടുക്കുമ്പോൾ പെൻഷൻ ഐ.ഡി./സസ്പെൻഡ് ചെയ്ത തീയതി എന്നിവ മാത്രമാണ് ലഭിക്കുന്നത്. മരണപ്പെട്ട/പെൻഷൻ അർഹത നഷ്ടപ്പെട്ട തീയതി മനസ്സിലാക്കുന്നതിന് ഫയൽ മാത്രമാണ് ആശ്രയിക്കാവുന്ന രേഖ. നിലവിൽ സേവന സോഫ്റ്റ്‌വെയറിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന് തന്നെ പെൻഷൻ സസ്പെൻഷൻ റിക്വസ്റ്റ് നൽകുമ്പോൾ മരണപ്പെട്ട/അർഹത നഷ്ടപ്പെടുന്ന തീയതി കൂടി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതും സേവനയിൽ നിന്നും ലഭിക്കുന്ന പെൻഷൻ സസ്പെൻഷൻ ലിസ്റ്റിൽ ആയതു കൂടി ഉൾപ്പെട്ട് വരുന്ന രീതിയിൽ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.

7) പെൻഷണർ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട പെൻഷൻ തുക/അനർഹമായ കാലയളവിൽ കൈപ്പറ്റിയ പെൻഷൻ തുക ആയത് കൈപ്പറ്റിയിട്ടുള്ള വ്യക്തികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡുകൾ/ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിനും തുക തിരികെ ഒടുക്കാത്ത പക്ഷം ഇത്തരം ആളുകൾക്ക് പ്രാദേശിക സർക്കാരുകളിൽ നിന്നും അനുവദിക്കുന്ന ക്ഷേമ ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കുന്നതിനുമുള്ള നടപടികൾക്ക് ശിപാർശ ചെയ്യുന്നു.

8) ജി.ഒ.(പി)363/2013/ഫിൻ തീയതി 27-7-2013 ഖണ്ഡിക (12) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തെ DBT മുഖേന വിതരണം ചെയ്യുന്ന ഫണ്ടിന്റെ വിതരണവും വിനിയോഗവും പരിശോധിച്ചുറപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട "സേവന സോഫ്റ്റ്‌വെയറിൽ വകുപ്പിന് ആക്സസ്" ഇല്ലാത്തതാണ്. ഈ വിഷയത്തിൽ തുടർ നിർദ്ദേശമുണ്ടാകേണ്ടതാണ്. ആയതിനാൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

109. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സാമൂഹ്യസുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള ഫയൽ എല്ലാ മാസവും അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്ന് പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി ആവശ്യമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

110. കൊല്ലം ജില്ലയിലെ മൈലം ഗ്രാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, മരണപ്പെടുന്ന ആളുകളെ ഒഴിവാക്കി ഫയൽ സൂക്ഷിക്കുകയും യഥാസമയം ബാങ്കിലേക്ക് അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി ആവശ്യമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

111. കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് കാലയളവിൽ ഫയൽ സൂക്ഷിച്ചിരുന്നില്ലെന്നും പരാമർശം വന്നതിനുശേഷം മരണപ്പെട്ട വ്യക്തികളുടെ ആധാർ കാർഡ് പരിശോധിച്ചാണ് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതെന്നും കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ആശാവർക്കർമാർ വഴിയും ഹെൽത്ത് ഇൻസ്പെക്ടർമാർ വഴിയും പരിശോധിക്കുന്നുണ്ടെന്നും ഗുണഭോക്താക്കൾ ജീവിച്ചിരിക്കുന്നുണ്ടോ ഇല്ലയോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്ത് കഴിഞ്ഞാൽ ലിസ്റ്റിൽ നിന്നും പേര് നീക്കം ചെയ്യുന്നുണ്ടെന്നും കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

112. കൊല്ലം കുണ്ടറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കാമെന്ന് കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

113. എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമശർത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

114. കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

115. സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച ശിപാർശകൾ പരിഗണിച്ച സമിതി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ചു.

നിഗമനങ്ങളും ശിപാർശകളും

116. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അടങ്ങുന്ന രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

117. കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച ഓഡിറ്റ് വകുപ്പിന് രേഖകൾ സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

118. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

119. കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

120. എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമശർത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

121. കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

122. സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ശിപാർശകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നിക്ഷേപ പ്രവൃത്തികൾ

നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം, പൂർത്തീകരിച്ച പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയിലെ നീക്കിയിരുപ്പ് തിരികെ ഒടുക്കുന്നില്ല

13-ാം പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക നം. 8.3(17) (ജി.ഒ.(എം.എസ്.) നമ്പർ 72/2017 തീയതി 20-3-17)ൽ ഒരു നിർമ്മാണ പ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നല്കിയ ശേഷം ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതുമാണ്. ജി.ഒ (എം.എസ്) നമ്പർ 11/2018 തീയതി 29-1-2018 (13-ാം പദ്ധതി മാർഗ്ഗ രേഖ) യിലെ ഖണ്ഡിക നമ്പർ 11.2(ഡി)യിലും ഇതേ കാര്യം നിഷ്കർഷിക്കുന്നുണ്ട്. നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കുന്നു. കൂടാതെ നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി. പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റിയുടെ 28-1-2005-ലെ കെ.ഡബ്ല്യൂ.എ/എച്ച്.ഒ./എഫ്.എം./ഡി.ഡബ്ല്യൂ 01 ഉത്തരവിൽ കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതുമൂലം കെ.എസ്.ഇ.ബി/കേരള വാട്ടർ അതോറിറ്റി/ഭൂഗർഭജല വകുപ്പ് എന്നിവിടങ്ങളിൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിക്കുന്ന തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെയും ഭാഗികമായി മാത്രം വിനിയോഗിച്ച് നീക്കിയിരിപ്പ് ഏജൻസിയിൽ ശേഷിപ്പിക്കുന്നതുമായ സാഹചര്യമുണ്ട്. ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ, മീറ്ററിംഗ്, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, കുഴൽ കിണർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുന്നു. ഇതിൽ തന്നെ അടിയന്തിരപ്രാധാന്യം അർഹിക്കുന്ന അങ്കണവാടികളിൽ/ ആശുപത്രികളിൽ ശുദ്ധജലമുറപ്പാക്കൽ, ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിലെ ശുദ്ധജലവിതരണം ഇവപോലും സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തിക്കാൻ നിർവ്വഹണ ഏജൻസിയോ ഫലപ്രദമായി മോണിട്ടറിംഗ് നടത്തേണ്ട പ്രാദേശിക സർക്കാരിലെ ഭരണനിർവ്വഹണ അധികാരികളോ വേണ്ടത്ര ഇടപെടലുകൾ നടത്തുന്നില്ല. നിക്ഷേപിക്കുന്ന തുകകളിൽ ഏജൻസിയിൽ ശേഷിക്കുന്ന തുക തിരികെ ഈടാക്കുവാൻ നടപടി കൈക്കൊള്ളുന്നില്ല. മേൽ വിഷയങ്ങൾ കാലാകാലങ്ങളിൽ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ചൂണ്ടിക്കാട്ടുന്നുണ്ട് എങ്കിലും നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പാക്കുന്ന നിക്ഷേപ പ്രവൃത്തികളിലെ അപാകതകൾ തുടർന്നുവരുന്നു. നിക്ഷേപ പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത ഏതാനും പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

നിക്ഷേപപ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം

വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത 51.65 ലക്ഷം രൂപ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നു.

(ചിങ്ങോലി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ, ഓഡിറ്റ് റിപ്പോർട്ട് 2019-20, ഖണ്ഡിക 1-19)

Para Number	1-19
Para Heading	വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത 51.65 ലക്ഷം രൂപ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നു.
Major Account Head	341000000 - Deposits Works - Liability
Detailed Account Head	341300101 - Deposit Works - Others - Rural
Major Audit Head	Secretary - Payments
Minor Audit Head	Monitoring and further proceedures
Sub Audit Head	Follow up actions
Detailed Sub Audit Head	Absence of follow up action-project goals not achieved

വിവിധ നിർമ്മാണ/നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് 2016-17, 2017-18, 2018-19 വർഷങ്ങളിൽ കെ.എസ്.ഇ.ബി. ജല അതോറിറ്റി, പബ്ളിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് എന്നീ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 51.65 ലക്ഷം രൂപയാണ് വിനിയോഗ വിവരങ്ങളില്ലാതെ വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപമായി ഇപ്പോഴും തുടരുന്നത്.

പ്രോജക്ട് നം.	**വർക്കിന്റെ പേര്**	**തുക**	**നിർവ്വഹണ ഏജൻസി**	**ഫണ്ടിനം**
(1)	(2)	(3)	(4)	(5)
89/2017	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	7,01,811	കേരള വാട്ടർ അതോറിറ്റി	എൻ.റ്റി.പി.സി ഫണ്ട്
98/2017	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2,80,326	കേരള വാട്ടർ അതോറിറ്റി	പ്ലാൻ ഫണ്ട്
98/2017	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	5,59,674	കേരള വാട്ടർ അതോറിറ്റി	സി.എഫ്.സി. ഗ്രാന്റ്

(1)	(2)	(3)	(4)	(5)
107/18	ആർ.ഒ.പ്ലാന്റ് നിർമ്മാണം	18,75,000	കേരള വാട്ടർ അതോറിറ്റി	എൻ.റ്റി.പി.സി ഫണ്ട്
39/2018	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	13,66,000	കേരള വാട്ടർ അതോറിറ്റി	സി.എഫ്.സി ഗ്രാന്റ്
133/19	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	2,39,086	കെ.എസ്.ഇ. ബി. കാർത്തികപ്പള്ളി	സി.എഫ്.സി ഗ്രാന്റ്
133/19	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	45,066	കെ.എസ്.ഇ.ബി. മുതുകുളം	സി.എഫ്.സി ഗ്രാന്റ്
133/19	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	51,368	കെ.എസ്.ഇ.ബി. ചേപ്പാട്	പ്ലാൻ ഫണ്ട്
133/19	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	47,008	കെ.എസ്.ഇ.ബി. ചേപ്പാട്	സി.എഫ്.സി ഗ്രാന്റ്
133/19	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	36	കെ.എസ്.ഇ.ബി. ചേപ്പാട്	തനതുഫണ്ട്
91/18	അങ്കണവാടി നവീകരണം	40,000	പി.ഡബ്ല്യൂ.ഡി.	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

മേൽ പ്രവൃത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിലേക്കായി നടപടികൾ സ്വീകരിക്കുന്നതിലും പ്രവൃത്തിയുടെ പുരോഗതി മോണിട്ടർ ചെയ്യുന്നതിലും വീഴ്ചവരുത്തി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആർ.ഒ. പ്ലാന്റിന്റെയും അങ്കണവാടി നവീകരണത്തിന്റെയും 40,000 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കാനുള്ളതെന്നും മറ്റ് പ്രവൃത്തികളുടെയെല്ലാം യു.സി. ഹാജരാക്കിയിട്ടുണ്ടെന്നും ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ടെന്ന് ഇതുസംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി വ്യക്തമാക്കി.

124. കെ.എസ്.ഇ.ബി., ജല അതോറിറ്റി, പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് എന്നീ നിർവ്വഹണ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് എന്തിനാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് Kerala Water Authority-യിൽ ആർ.ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി 18,75,000 രൂപയും പൊതുമരാമത്ത് വകുപ്പിൽ അങ്കണവാടി നവീകരണത്തിനുമാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതെന്ന് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

125. എൽ.എസ്.ജി.ഡി.-യുടെ എഞ്ചിനീയറിംഗ് വിഭാഗമുള്ളപ്പോൾ അങ്കണവാടി നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി നൽകിയത് എന്തിനാണെന്നും അവിടെ തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ചെയ്തത് എന്നാണെന്നും സമിതി ആരാഞ്ഞതിന് 2018-ലാണ് തുക ഡെപ്പോസിറ്റ് ചെയ്തതെന്ന് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത നടപടി പരിശോധിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന് സമിതി നിർദ്ദേശം നൽകി. ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പഞ്ചായത്തിന്റെ തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും പെൻഷൻ പറ്റിയ ഉദ്യോഗസ്ഥനാണെങ്കിൽ അദ്ദേഹത്തിന്റെ പെൻഷനിൽ നിന്നും തുക തിരിച്ചു പിടിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

126. കെ.എസ്.ഇ.ബി.-യും ജല അതോറിറ്റിയും വിനിയോഗസാക്ഷ്യപത്രം കൊടുത്തിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത പരാമർശം സംബന്ധിച്ച് പരിശോധിച്ചതിന് ശേഷം റിപ്പോർട്ട് നൽകാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുൻപാകെ ബോധിപ്പിച്ചു. പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി കൊടുത്തത് സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി ആവർത്തിച്ച് നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

127. തദ്ദേശസ്വയംഭരണ വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗമുള്ളപ്പോൾ ആലപ്പുഴ ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ അങ്കണവാടി നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി നൽകിയത് ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത നടപടി സർക്കാർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും പെൻഷൻ പറ്റിയ ഉദ്യോഗസ്ഥനാണെങ്കിൽ അദ്ദേഹത്തിന്റെ പെൻഷനിൽ നിന്നും തുക തിരിച്ചുപിടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓാഡിറ്റ് ഖണ്ഡിക

പാക്കം കുടിവെള്ള പദ്ധതി - നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല

പുതുക്കിയ കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല

(പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ്, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-31)

Para Number	1-31
Para Heading	പാക്കം കുടിവെള്ള പദ്ധതി - നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല - പുതുക്കിയ കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല.
Major Account Head	460000000 - Loans, Advances and Deposits - Asset
Detailed Account Head	460500202 - Advance to Implementing Agencies - Deposit with Kerala Electricity Board - Rural
Major Audit Head	Secretary-Payments
Minor Audit Head	Project implementation
Sub Audit Head	Others, raising capacity of transformer & installation of electric line for street light at Mastigudda
Detailed Sub Audit Head	Others, Work not completed

പ്രോജക്ട് നമ്പർ 266/2019-20-ൽ ഉൾപ്പെടുത്തി പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാക്കം പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പാക്കം കുടിവെള്ള പദ്ധതിയ്ക്കായി 2016-17 വർഷം 7 ലക്ഷം രൂപയും, 2018-19 വർഷം 3.60 ലക്ഷം രൂപയും കേരള വാട്ടർ അതോറിറ്റിയിൽ ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ചിരുന്നു. പദ്ധതിയ്ക്കാവശ്യമായ കുടിവെള്ള ലഭ്യത കുറവായതിനാൽ BRDC കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി പദ്ധതി നടപ്പാക്കുന്നതിനായി 37.70 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 7-12-2019 ന് ഗ്രാമപഞ്ചായത്തിന് നൽകുകയും പദ്ധതിയ്ക്കാവശ്യമായ ബാക്കി തുക 27.10 ലക്ഷം രൂപ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതു പ്രകാരം 2019-20 വർഷം പ്രോ.നമ്പർ 266/2019-2,01,00,000 രൂപ ജല അതോറിറ്റിക്ക് നൽകുകയും, 2017-18 വർഷം മറ്റൊരു പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ച 13.5 ലക്ഷം രൂപയിൽ അവശേഷിക്കുന്ന തുക

ഈ പദ്ധതിയിലേക്ക് മാറ്റി വകയിരുത്തുവാനും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അവശേഷിക്കുന്ന ബാക്കി തുക നിർദ്ദേശാനുസരണം നൽകുമെന്നും, ഗ്രാമപഞ്ചായത്ത് 6-1-2020-ലെ ഭരണസമിതി തീരുമാന പ്രകാരം ജല അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി. പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത സാഹചര്യത്തിൽ കേരള ജല അതോറിറ്റിയുമായി പുതുക്കിയ കരാറുടമ്പടി തയ്യാറാക്കിയിട്ടില്ല. 2016-17-ൽ തുടങ്ങി നാളിതുവരെ 21.20 ലക്ഷം രൂപ നിക്ഷേപിച്ചിട്ടും പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടേയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

129. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാക്കം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അർബൻ ഫണ്ട് - കരാറിലേർപ്പെടാതെ വൻ തുക ഡെപ്പോസിറ്റ് നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല

(ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-25)

Para Number	1-25
Para Heading	അർബൻ ഫണ്ട് - കരാറിലേർപ്പെടാതെ വൻ തുക ഡെപ്പോസിറ്റ് നൽകി - പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
Major Account Head	460000000 - Loans, Advances and Deposits - Asset

Detailed Account Head	460500201- Advance to Implementing Agencies - Deposit with Kerala Water Authority - Rural
Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Non completion of deposit works implemented through agencies

നാഷണൽ റൂറൽ മിഷൻ പദ്ധതിയിലുൾപ്പെടുത്തി അർബൻ മിഷൻ ഫണ്ട് വിനിയോഗിച്ച് പഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷനായി 2,82,82,750 രൂപയും പഴയ ജി.എൽ. റിസർവോയർ മാറ്റി 6.7 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജി.എൽ. റിസർവോയർ സ്ഥാപിക്കുന്നതിന് 75,00,000 രൂപയുമുൾപ്പെടെ 3,57,82,750 രൂപ 12/21-ൽ വാട്ടർ അതോറിറ്റിക്ക് കൈമാറി. ഏജൻസിയുമായി കരാർ വച്ചത് തുക കൈമാറി ഒരുവർഷം പിന്നിട്ടശേഷമാണ് (30-12-2021) നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

131. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വൈദ്യുതിലൈൻ വ്യാപനം- പ്രവൃത്തി ആരംഭിച്ചിട്ടില്ല

(മുഹമ്മ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-32)

Para Number	1-32
Para Heading	വൈദ്യുതിലൈൻ വ്യാപനം - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
Major Account Head	252000000-Decentralised Plan Programme – Infrastructure Sector - Expenditure
Detailed Account Head	252100201 – Energy - Other Electrification Programs - General - Rural
Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Non completion of deposit works implemented through agencies

പ്രോജക്ട് നമ്പർ S0051/20-ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, മുഹമ്മ പരിധിയിലെ 4 റോഡുകളിൽ വൈദ്യുതവ്യാപനത്തിനായി 9,31,687 രൂപയുടെയും കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, തണ്ണീർമുക്കം പരിധിയിലെ ഒരു റോഡിൽ ലൈൻവ്യാപനത്തിനായി 2,27,457 രൂപയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കി. ഇതിൽ ഇലക്ട്രിക്കൽ സെക്ഷൻ, മുഹമ്മയുടെ പരിധിയിൽ ഉൾപ്പെട്ട ആര്യക്കര-പുളിമൂട് റോഡിലെ പ്രവൃത്തി 2018-19 വർഷം ഏറ്റെടുത്തിട്ടുള്ളതിനാൽ ആ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ 1,41,650 രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ നിലനിർത്തി ഹരിശ്രീ-പുതുപറമ്പ് റോഡ് ഏറ്റെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തുനൽകാൻ കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയില്ല. 9-6-2020-ലാണ് നിർവ്വഹണ ഏജൻസിയുമായി കരാർ വച്ചതെങ്കിലും അതിനു മുൻപായിതന്നെ 5,40,000 രൂപ 2019-20 സാമ്പത്തികവർഷം കെ.എസ്.ഇ.ബി.-ക്ക് കൈമാറി. തുടർന്ന് 6,19,144 രൂപ 2020-21 വർഷവും കൈമാറിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കി കരാറ് പുതുക്കുന്നതിനു മുൻപായി തന്നെ വകയിരുത്തിയ മുഴുവൻ തുകയും ഏജൻസിയിൽ നിക്ഷേപിച്ചെങ്കിലും 2 വർഷം പിന്നിട്ടിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. കെ.എസ്.ഇ.ബി. പ്രവൃത്തി ആരംഭിക്കാത്തതിനാൽ നിരവധി തവണ കത്ത് നൽകിയെന്നും ഭരണസമിതി അംഗങ്ങൾ സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി നിലവിൽ പണി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് മുഹമ്മ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പണി പൂർത്തീകരിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

133. മുഹമ്മ ഗ്രാമപഞ്ചായത്തിലെ വൈദ്യുത വ്യാപന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

(കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-36)

Para Number	1-36
Para Heading	അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം
Major Account Head	251000000-Decentralised Plan Programme – Service Sector - Expenditure
Detailed Account Head	251420101 - Anganawadi Infrastructure – General - Rural
Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Non completion of deposit works implemented through agencies

ഗ്രാമപഞ്ചായത്തിലെ 12 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2018-19-ൽ പ്രോജക്ട് നമ്പർ 22/19 പ്രകാരം 2,95,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഓഡിറ്റ് തീയതി വരെയും വാട്ടർ അതോറിറ്റി

പ്രവൃത്തി ആരംഭിച്ചിട്ടില്ല. അങ്കണവാടിയിലെ ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകണമെന്ന് ജി.ഒ.(എം.എസ്)11/2018/ത.സ്വയ.ഭ.വ തീയതി 29-1-2018 പദ്ധതിമാർഗ്ഗരേഖ ഖണ്ഡിക 7.8.2-ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്ത് രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

134. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

135. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. ആയതിനാൽ കോഴിക്കോട് കിഴക്കോത്ത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു

(മൂടാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-26)

Para Number	1-26
Para Heading	കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.
Major Account Head	460000000- Loans, Advances and Deposits - Asset
Detailed Account Head	460500201 - Advance to Implementing Agencies – Deposit with Kerala Water Authority - Rural

Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Non completion of deposit works – UC not submitted

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 460500201 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ ഹെഡ്ഡിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 19,20,000 രൂപ ഇപ്പോഴും ക്രമീകരിക്കാതെ അവശേഷിക്കുന്നു. കാനത്തിൽ താഴകുടിവെള്ള പദ്ധതിക്കായി 2011-12, 2012-13 വർഷങ്ങളിലായി ഡെപ്പോസിറ്റ് ചെയ്ത തുകയാണ് (12,00,000+7,20,000) വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ കിടക്കുന്നത്. 2017-18-ൽ 1,05,000 രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചെങ്കിലും പ്രവൃത്തിയുടെ ഫൈനൽ ബിൽ നാളിതുവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാവാത്തതിനാൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 20,25,000 രൂപ നിലവിലും ക്രമീകരിക്കാതെ ശേഷിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1(6)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

136. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

137. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടിയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടും സമിതി അംഗീകരിക്കുന്നു. ആയതിനാൽ കോഴിക്കോട് മുടാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

(7) മയിൽപാറ കുടിവെള്ള പദ്ധതി - ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് - കരാർ ഒപ്പുവച്ചിട്ടില്ല - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

(മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് കാസർഗോഡ്, ഓഡിറ്റ് വർഷം 2019-20, ഖണ്ഡിക 1-25)

Para Number	1-25
Para Heading	മയിൽപാറ കുടിവെള്ള പദ്ധതി - ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് - കരാറുടമ്പടി ഒപ്പുവച്ചിട്ടില്ല - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
Major Account Head	251000000 – Decentralaised Plan Programme – Service Sector - Expenditure
Detailed Account Head	251200801- Drinking Water-General - Rural
Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Agreement not executed

മയിൽപാറ കുടിവെള്ള പദ്ധതിയ്ക്കായി (പ്രോ.നമ്പർ256/20) 2019-20 വർഷം തനതുഫണ്ടിൽ നിന്നും 4 ലക്ഷം രൂപ കേരള ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ കരാർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതിയ്ക്കായി അതോറിറ്റിക്ക് തുക കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.1 (7)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

138. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതുകൊണ്ടാണ് തുക ഡെപ്പോസിറ്റ് ചെയ്തതെന്നും പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ജലലഭ്യതയില്ലെന്ന് കെ.ഡബ്ല്യു.എ. കത്ത് നൽകിയെന്നും പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിലാണ് തുക

ജൽജീവൻ മിഷനിലേക്ക് അടയ്ക്കാൻ ഭരണസമിതി തീരുമാനിച്ചതെന്നും നിലവിൽ ജൽജീവൻ മിഷന്റെ പൈപ്പിടൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും സ്രോതസ്സിൽ ജല ലഭ്യതയുണ്ടെന്ന് അറിയിച്ചുകൊണ്ടാണ് എഗ്രിമെന്റ് വച്ചതെന്നും മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

139. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പ് നാല് ലക്ഷം രൂപ നൽകിയത് എന്നാണെന്ന സമിതിയുടെ ചോദ്യത്തിന്, 14-2-2020-ലാണെന്നും 23-6-2020-ലാണ് കരാർ ഒപ്പുവച്ചതെന്നും മുൻകൂറായി തുക കൈമാറിയതിനുശേഷമാണ് കരാറിലേർപ്പെട്ടതെന്നും സെക്രട്ടറി മറുപടി നൽകി.. പ്രസ്തുത വിഷയം പരിശോധനയ്ക്ക് വിധേയമാക്കി വിശദീകരണം നൽകുവാൻ സെക്രട്ടറിയോട് നിർദ്ദേശിച്ച സമിതി, ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

140. സർക്കാർ ഉത്തരവിന് വിധേയമായി ജൽജീവൻ മിഷനിൽ തുക അടയ്ക്കാൻ തീരുമാനിച്ചതിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, വാട്ടർ അതോറിറ്റിയുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് സെക്രട്ടറി മറുപടി നൽകി. വാട്ടർ അതോറിറ്റിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ജൽജീവൻ മിഷനിൽ തുക അടയ്ക്കുന്നത് എങ്ങനെയാണെന്ന് ആരാഞ്ഞ സമിതി, പ്രസ്തുത പ്രവൃത്തി നടക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും പരിശോധന നടത്തുന്നില്ലെന്ന് അഭിപ്രായപ്പെട്ടു. പ്രസ്തുത പദ്ധതി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ യെന്ന സമിതിയുടെ ചോദ്യത്തിന് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയം പഞ്ചായത്ത് ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കരാർ വയ്ക്കുന്നതിന് മുമ്പായി 4 ലക്ഷം രൂപ മുൻകൂറായി നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്നുള്ളത് സംബന്ധിച്ച് സെക്രട്ടറി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ജൽജീവൻ മിഷനിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറാമെന്ന പൊതു ഉത്തരവുണ്ടെന്നും ആയത് പരിശോധിച്ചിട്ട് അറിയിക്കണമെന്നും സമിതി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് നിർദ്ദേശം നൽകി.

നിഗമനങ്ങളും ശിപാർശകളും

141. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ മയിൽപാറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പ് നാല് ലക്ഷം രൂപ നൽകിയ വിഷയം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി വിശദീകരണം നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിക്കുന്നു. കരാർ വയ്ക്കുന്നതിന് മുൻപ് പണം നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

142. ജൽജീവൻ മിഷനിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറാമെന്ന പൊതു ഉത്തരവുണ്ടെന്നും ആയത് പരിശോധിച്ചിട്ട് അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

(കുഞ്ഞ ഗ്രാമപഞ്ചായത്ത്, കോട്ടയം, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-23)

Para Number	1-23
Para Heading	കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
Major Account Head	341000000 - Deposits Works - Liability
Detailed Account Head	341300101 - Deposit Works - Others - Rural
Major Audit Head	Secretary - Payments
Minor Audit Head	Monitoring and further procedures
Sub Audit Head	Monitoring
Detailed Sub Audit Head	Absence of proper monitoring - project goals not achieved

പ്രോജക്ട് നമ്പർ S0073/20 പ്രകാരം ഗ്രാമപഞ്ചായത്തിലെ 8 അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് വെള്ളത്തിനുള്ള സൗകര്യം ഒരുക്കുന്നതിനായി ഭൂഗർഭ ജലവകുപ്പിൽ 11,50,000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കുഴൽ കിണറുകൾക്ക് നാളിതുവരെ ഹാൻഡ് പമ്പുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യമാണുള്ളത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1(8)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

143. 8 അങ്കണവാടികളിൽ കുടിവെള്ളത്തിനുവേണ്ടിയാണ് വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതെന്നും 6 അങ്കണവാടികളിൽ കുഴൽ കിണറും മോട്ടോറും സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെ ജലത്തിന് ബുദ്ധിമുട്ടില്ലെന്നും രണ്ട് അങ്കണവാടികളിൽ കുഴൽ കിണർ കുഴിച്ചിട്ടുണ്ടെങ്കിലും വെള്ളം കിട്ടിയിട്ടില്ലെന്നും മോട്ടോർ സ്ഥാപിച്ചിട്ടില്ലെന്നും നിലവിൽ ഒരു അങ്കണവാടിക്ക് ഫിറ്റ്നെസ്സില്ലാത്തതുകൊണ്ട് മറ്റൊരു സ്ഥലത്തേക്ക് വാടകയ്ക്ക് മാറിയിട്ടുണ്ടെന്നും അവിടെ ജലത്തിന് ദൗർലഭ്യമില്ലെന്നും മറ്റൊരു അങ്കണവാടിയിൽ ജലനിധിയുടെ കണക്ഷൻ കൊടുത്തിട്ടുണ്ടെന്നും മിച്ചമുള്ള 2,56,000 രൂപ അക്കൗണ്ടിലുണ്ടെന്നും കഞ്ഞഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിൽ 6 അങ്കണവാടികളിലെ കുഴൽ കിണറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ആകെ 8 എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

144. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഈ വർഷം 11 ലക്ഷം രൂപയുടെ പ്രോജക്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. ഫിറ്റ്നസ്സില്ലാത്ത അങ്കണവാടിയിൽ പഞ്ചായത്ത് എന്തിനാണ് കുഴൽ കിണർ നിർമ്മിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് കിണർ കുഴിച്ച സമയത്ത് ഫിറ്റ്നസ്സുണ്ടായിരുന്നുവെന്നും അതിനുശേഷം പുറകുവശത്തേക്ക് മണ്ണിടിഞ്ഞപ്പോൾ സ്ഥലമില്ലാത്തതിനാൽ താൽക്കാലികമായി മാറ്റിയതാണെന്നും സെക്രട്ടറി മറുപടി നൽകി.

145. 8 അങ്കണവാടികൾക്കാണ് തുക നിക്ഷേപിച്ചതെങ്കിലും 6 അങ്കണവാടികളിൽ മാത്രമേ കുഴൽ കിണർ നിർമ്മിച്ചിട്ടുള്ളൂവെന്നും നിലവിൽ 5 എണ്ണമാണ് പ്രവർത്തിക്കുന്നതെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് സമിതി അറിയിച്ചപ്പോൾ ഒരു അങ്കണവാടിയിലെ കുഴൽ കിണറിൽ നിന്നുള്ള വെള്ളം കട്ടികൂടിയതായതിനാൽ ഉപയോഗക്ഷമമല്ലെന്നും അവിടെ മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെന്നും കഞ്ഞഴ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

146. മോട്ടോർ സ്ഥാപിക്കുന്നതിന് മുമ്പ് വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയില്ലേയെന്നുള്ള സമിതിയുടെ ചോദ്യത്തിന്, പരിശോധന നടത്തിയിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി. വാട്ടർ അതോറിറ്റി പ്രവൃത്തി ചെയ്തപ്പോൾ പഞ്ചായത്ത് നിഷ്ക്രിയമായി ഇരുന്നുവെന്നും സാധാരണഗതിയിൽ വെള്ളം കിട്ടിയാലും മോട്ടോർ വയ്ക്കണമെന്നുണ്ടെങ്കിൽ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയ ശേഷമാണ് ചെയ്യേണ്ടിയിരുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

147. വെള്ളം കട്ടിയുള്ളതാണെന്ന് പിന്നീടാണ് ശ്രദ്ധയിൽപ്പെട്ടതെന്നും മോട്ടോർ സ്ഥാപിച്ചശേഷം വെള്ളം ഉപയോഗിക്കുന്നുണ്ടായിരുന്നുവെന്നും അരുചിയുള്ളതുകൊണ്ട് കുട്ടികൾക്ക് കുടിവെള്ളമായി കൊടുക്കുന്നില്ലെന്നും പ്രാഥമിക കാര്യങ്ങൾക്ക് മാത്രമായാണ് ഉപയോഗിക്കുന്നതെന്നും കങ്ങഴ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. കുട്ടികൾക്ക് ഗുണനിലവാരമില്ലാത്ത വെള്ളം കൊടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

148. പ്രസ്തുത കുഴൽ കിണർ ഒഴിവാക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. കങ്ങഴ പഞ്ചായത്തിൽ ജൽജീവൻ മിഷനില്ലേയെന്ന് സമിതി ആരാഞ്ഞതിന്, ജൽജീവൻ മിഷന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്ന് സെക്രട്ടറി മറുപടി നൽകി. കുഴൽ കിണറിന്റെ ജോലി പൂർത്തീകരിച്ചതിന്റെ ബാക്കി തുക ലഭ്യമായോയെന്ന സമിതിയുടെ ചോദ്യത്തിന് 2,52,000 രൂപ മിച്ചമുണ്ടെന്ന് അറിയിച്ചിട്ടുള്ളതായി സെക്രട്ടറി മറുപടി നൽകി.

149. ജൽജീവൻ മിഷനിലേക്ക് ഡെപ്പോസിറ്റ് ചെയ്യാമെന്ന് സർക്കാർ ഉത്തരവുണ്ടെന്നും ഒബ്ജക്ഷൻ ഒഴിവാക്കാൻ സർക്കാരിലേക്ക് വിവരമറിയിച്ചാൽ മതിയാകുമെന്നും തദവസരത്തിൽ സമിതി അറിയിച്ചു. 'ടേക്ക് എ ബ്രേക്ക് ' പദ്ധതി ഉൾപ്പെടെ 8 സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കാൻ 12,51,000 രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരുന്നതായി കങ്ങഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ജൽജീവൻ മിഷനുള്ളപ്പോൾ കൂടുതൽ കുഴൽ കിണറിനുള്ള പ്രൊപ്പോസൽ നൽകിയതെന്തിനാണെന്ന് സമിതി ആരാഞ്ഞതിന് ടേക്ക് എ ബ്രേക്ക് പുറമ്പോക്ക് സ്ഥലത്താണ് ചെയ്യുന്നതെന്നും ജൽജീവൻ മിഷൻ വരുമ്പോഴേക്കും രണ്ട് വർഷത്തെ കാലതാമസമുണ്ടാകുമെന്നും ശുചീകരണ പ്ലാന്റിന് സ്ഥലം വാങ്ങി കൈമാറിയതേയുള്ളൂവെന്നും സെക്രട്ടറി മറുപടി നൽകി.

നിഗമനങ്ങളും ശിപാർശകളും

150. കോട്ടയം കങ്ങഴ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ 8 കുഴൽ കിണറുകളിൽ ഒരെണ്ണത്തിൽ നിന്ന് ലഭിക്കുന്ന വെള്ളം കട്ടി കൂടിയതിനാൽ ഉപയോഗിക്കാൻ സാധിക്കുകയില്ലെന്ന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാതെ പ്രസ്തുത കുഴൽ കിണറിൽ മോട്ടർ സ്ഥാപിച്ച നടപടി അംഗീകരിക്കാനാവില്ലെന്നും ആയത് ഒഴിവാക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. കുട്ടികൾക്ക് ഗുണനിലവാരമില്ലാത്ത വെള്ളം കൊടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പദ്ധതി പൂർത്തീകരണത്തിനുശേഷം നീക്കിയിരിപ്പുള്ള തുകകൾ ക്രമീകരിക്കുന്നില്ല.

പദ്ധതി നിർവ്വഹണത്തിനുശേഷം വാട്ടർ അതോറിറ്റിയിൽ ശേഷിച്ച തുക തിരികെ ഈടാക്കിയില്ല.

(ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-19)

Para Number	1-19
Para Heading	പദ്ധതി നിർവ്വഹണത്തിനുശേഷം വാട്ടർ അതോറിറ്റിയിൽ ശേഷിച്ച തുക തിരികെ ഈടാക്കിയില്ല.
Major Account Head	251000000 – Decentralised Plan Programme – Service Sector - Expenditure
Detailed Account Head	251200802 - Drinking Water – SCP - Rural
Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Others, Refund not received

2018-19 വർഷം മുരുപ്പേൽത്തറ - പനച്ചക്കുഴി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (വാർഡ് 4, SCP ഫണ്ട്) എന്ന പ്രവൃത്തി ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി പ്രകാരം 2,80,000 രൂപ കേരള വാട്ടർ അതോറിറ്റി, അടൂർ സബ്ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിൽ 32,554 രൂപ സ്ഥാപനത്തിൽ അവശേഷിക്കുന്നുണ്ട്. ടി തുക തിരികെ ഈടാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.2(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

151. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

152. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഏനാദിമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്വജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ - വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല

(പറപ്പൂക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-44)

Para Number	1-44
Para Heading	സ്വജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ - വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.
Major Account Head	251000000 – Decentralaised Plan Programme – Service Sector - Expenditure
Detailed Account Head	25120250- Drinking Water – Public - General-Rural
Major Audit Head	Secretary - Payments
Minor Audit Head	Monitoring and further procedures
Sub Audit Head	Follow - up actions
Detailed Sub Audit Head	Others, non refund of unutilised amount

2019-20-ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 'സ്വജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ' (പദ്ധതി നമ്പർ 125/20) എന്ന പദ്ധതിക്കായി 4,30,000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (പി.എച്ച്.ഡിവിഷൻ ഇരിങ്ങാലക്കുട) എ 1-5079/19 തീയതി 5-2-2021-ലെ കത്ത് പ്രകാരം 3,43,967 രൂപയ്ക്കാണ് വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 3-3-2021-ലെ നമ്പർ തീരുമാന പ്രകാരം ബാലൻസ് തുക

(86,033 രൂപ) തിരികെ ഈടാക്കേണ്ട എന്നും 2020-21 വർഷത്തെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വിനിയോഗിക്കാമെന്നും തീരുമാനമെടുത്തു. എന്നാൽ 2020-21-ലെ പദ്ധതി നമ്പർ-36/2021 ആയി നടപ്പിലാക്കിയ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.2(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

153. വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത തുക 3-5-23-ന് ആർ.ഒ.പി.യായി അടയ്ക്കുകയും സി.എഫ്.സി. ഫണ്ട് തിരിച്ചടയ്ക്കുകയും ചെയ്തതായി പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു. തുക അടച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

154. വളരെ കാലത്തിനുശേഷം വരുന്ന ഫണ്ടെല്ലാം പഞ്ചായത്ത് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയാണോ നിലവിലുള്ളതെന്ന് സമിതി ആരാഞ്ഞതിന്, അങ്ങനെയാണ് വ്യവസ്ഥയെന്നും കർശന രീതിയിൽ പരിശോധനയുണ്ടാകുമെന്നതിനാൽ തുക തിരിച്ചടയ്ക്കുമെന്നും കുറച്ച് വർഷത്തിനുശേഷം ലഭിക്കുന്ന ഫണ്ട് മറ്റ് പദ്ധതികളുടെ ഭാഗമായി പല പഞ്ചായത്തുകളും ഉപയോഗിക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

155. പറപ്പൂക്കര പഞ്ചായത്തിനും ആ രീതിയിൽ തുക വിനിയോഗിക്കാൻ കഴിയുമായിരുന്നുവെന്ന് സമിതി വിലയിരുത്തി. മറ്റൊരു പദ്ധതിക്കുവേണ്ടി തുക ഉപയോഗിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കാമെന്ന് പ്രിൻസിപ്പൽ ഡയറക്ടേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. മറ്റ് പദ്ധതികൾ യഥാസമയം ചെയ്യാത്തതു കൊണ്ട് പഞ്ചായത്തുകൾ അവസാനം തുക തിരിച്ചടയ്ക്കുന്ന അവസ്ഥയാണുള്ളതെന്നും പഞ്ചായത്തിന്റെ പദ്ധതിക്ക് തുക വിനിയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള അവസരമുണ്ടാക്കണമെന്നും ആ തുക കൊണ്ട് ഏത് കാര്യമാണോ നിർവ്വഹിക്കുന്നത് അതേ സ്വഭാവമുള്ള വർക്കുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടായാൽ പഞ്ചായത്തിന് അത് സഹായകരമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങളും ശിപാർശകളും

156. ഒരു പദ്ധതിതുക കൊണ്ട് ഏത് കാര്യമാണോ നിർവഹിക്കുന്നത് സമാന സ്വഭാവമുള്ള മറ്റ് പ്രവൃത്തികൾക്ക് തിരികെ ലഭിക്കുന്ന ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടായാൽ തുക പാഴായി പോകുമെന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കുമെന്നും അത് പഞ്ചായത്തുകൾക്ക് സഹായകമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 3,68,263 രൂപ തിരിച്ചടച്ചതിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

നിക്ഷേപപ്രവൃത്തി - ചെലവാകാതെ അവശേഷിക്കുന്ന ബാക്കി തുക തിരികെ ഈടാക്കണം

(തിരുമാറാടി ഗ്രാമപഞ്ചായത്ത്, എറണാകുളം, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-12)

Para Number	1-12
Para Heading	നിക്ഷേപപ്രവൃത്തി-ചെലവ് ചെയ്യാത്ത ബാക്കിതുക തിരികെ ഈടാക്കണം.
Major Account Head	460000000 - Loans Advances and Deposits - Asset
Detailed Account Head	460500201- Advance to Implementing Agencies – Deposit with Kerala Water Authority - Rural
Major Audit Head	Secretary - Payments
Minor Audit Head	Monitoring and further procedures
Sub Audit Head	Follow up actions
Detailed Sub Audit Head	Absence of follow up action – project goals not acheived

ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റ് Schedule B.18 പ്രകാരം ഓഡിറ്റ് വർഷം ക്രമീകരിക്കുവാൻ നീക്കിയിരിപ്പുള്ള തുക 8,62,444 രൂപയാണ്. ഇതിൽ 1.56 ലക്ഷം രൂപ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈനുകൾ നീട്ടൽ (എസ് 0090/20) എന്ന പ്രോജക്ടിനായി തൻവർഷം നിക്ഷേപിച്ച തുകയാണ്. ജല അതോറിറ്റിയിൽ നിന്നും

ലഭ്യമായ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം 5,96,893 രൂപ വിവിധ പ്രവൃത്തികൾക്കായി 2017 മുതൽ നിക്ഷേപിച്ചതിൽ വിനിയോഗിക്കാതെ ജല അതോറിറ്റിയിൽ അവശേഷിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.2(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

157. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

158. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കെ.ഡബ്ല്യൂ.എ. ഡെപ്പോസിറ്റ് വർക്ക് -

ബാലൻസ് തുക ഉപയോഗിച്ചുള്ള ഫൗണ്ടൻ നിർമ്മാണം

(ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്ത്,കൊല്ലം, ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-34)

Para Number	1-34
Para Heading	കെ.ഡബ്ല്യൂ. എ. ഡെപ്പോസിറ്റ് വർക്ക് - ബാലൻസ് തുക ഉപയോഗിച്ചുള്ള ഫൗണ്ടൻ നിർമ്മാണം.
Major Account Head	251000000 – Decentralaised Plan Programme – Service Sector - Expenditure
Detailed Account Head	251200801- Drinking Water-General-Rural
Major Audit Head	Secretary - Payments
Minor Audit Head	Project implementation
Sub Audit Head	Deposit Works
Detailed Sub Audit Head	Others, use of balance of deposit work refund amount

2017-18-ൽ കേരളാ വാട്ടർ അതോറിറ്റിയിൽ വിവിധ വർക്കുകൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ വർക്ക് പൂർത്തീകരിച്ചതിന് ശേഷം വാട്ടർ അതോറിറ്റിയിൽ ബാക്കി നില്ക്കുന്ന 4,59,464 രൂപ (1,06,658 + 3,52,806) ഉപയോഗിച്ച് 21 വാർഡുകളിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തിയ സ്ഥലങ്ങളിൽ ഓരോ ഫൗണ്ടൻ കൂടി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി കൊട്ടാരക്കര അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 7-6-19-ലെ 6(1)ആയി തീരുമാനമെടുത്തിരുന്നു. ഫൗണ്ടൻ നിർമ്മിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കാതെയും 2017-18-ലെ വർക്കുകളുടെ എസ്റ്റിമേറ്റ്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവയും വാട്ടർടാപ്പുകൾ സ്ഥാപിച്ച സ്ഥലങ്ങൾ പരിശോധിച്ചും ടാപ്പുകളോടൊപ്പം ഫൗണ്ടൻ നിർമ്മിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്താതെയുമാണ് മേൽ തീരുമാനമെടുത്തത്. ആവശ്യകത ബോധ്യപ്പെടാതെ നിർവ്വഹണ ഏജൻസിയിൽ ശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിന് വേണ്ടി മാത്രമാണ് ഫൗണ്ടൻ നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്.

ശിപാർശകൾ

നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകാൻ ഡി.പി.സി.-യെ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഇടപെടലുകളുടെ അഭാവം നിർവഹണ പുരോഗതിയെ ബാധിക്കുന്നു. ആയതിനാൽ ഏജൻസികൾക്ക് നിർവ്വഹണപുരോഗതി വിലയിരുത്തി ഘട്ടംഘട്ടമായി ഫണ്ട് കൈമാറാനും സമയപരിധി പാലിച്ച് പ്രോജക്ടുകൾ പൂർത്തീകരിക്കുന്നു എന്നത് ഉറപ്പാക്കാനും സാമ്പത്തിക വർഷാവസാനം പൂർത്തീകരിക്കാത്ത പ്രോജക്ടുകളുടെ തുക / വിനിയോഗിക്കാത്ത തുക സ്ഥാപനത്തിൽ തിരികെ ഒടുക്കുന്നു എന്ന് ഉറപ്പാക്കാനും ഡി.പി.സി.-യെ ചുമതലപ്പെടുത്താവുന്നതാണ്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.3.1.2(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

159. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

160. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു.

161. പദ്ധതി പൂർത്തീകരണത്തിനുശേഷം നീക്കിയിരിപ്പുള്ള തുകകൾ ക്രമീകരിക്കുന്നില്ല എന്ന പരാമർശം സംബന്ധിച്ച ശിപാർശകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

<u>ഓഡിറ്റ് ഖണ്ഡിക</u>

മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണം - പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസവും തുടർപ്രവർത്തനങ്ങളുടെ അഭാവവും

ദ്രുതഗതിയിലുള്ള നഗരവത്കരണം, ഉപഭോഗരീതികളിൽ പ്രതിദിനമുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ കേരളത്തിലെ ഖരമാലിന്യങ്ങളുടെ അളവിൽ ഗണ്യമായ വർദ്ധനയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. 44 പുഴകളും ലക്ഷക്കണക്കിന് കിണറുകളും ആയിരക്കണക്കിന് കുളങ്ങളും എണ്ണമറ്റ തോടുകളും ജല സ്രോതസ്സുകളുമുള്ള നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ ദിവസവും സംസ്കരിക്കപ്പെടാതിരിക്കുമ്പോൾ പ്രശ്നം വളരെ സങ്കീർണ്ണമായി മാറുന്നു. സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രത മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിപ്പിക്കുവാൻ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത് കൂടാതെയാണ് ആധുനിക ലോകത്തിന് ഇലക്ട്രോണിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ഗുരുതര പാരിസ്ഥിതിക ഭീഷണി. സങ്കൽപ്പത്തിനപ്പുറത്തുള്ള പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഇത് ഭാവിയിൽ സൃഷ്ടിക്കാൻ പോകുന്നത്.

വ്യക്തമായ ആസൂത്രണത്തിന്റെയും കൃത്യമായ നിർവ്വഹണത്തിന്റെയും അഭാവത്താൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്തത് മൂലം ഖരമാലിന്യ സംസ്കരണം സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. ആരോഗ്യത്തിനും പരിസ്ഥിതിക്കും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി അനുയോജ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഇതുവരെ ഉപയോഗിച്ചിട്ടില്ല. അശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണമാണ് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്നത്. വലിയൊരു ശതമാനം ഖരമാലിന്യ സംസ്കരണ പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനരഹിതമാണ്.

കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും മാലിന്യ നിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്നത്. എന്നാൽ മുതൽ മുടക്കിന് അനുസൃതമായ പ്രയോജനം ലഭിക്കുന്നുമില്ല. ഖര, ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നുതന്നെ കൃത്യമായി വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനായി തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പദ്ധതി ഇപ്പോൾ നിലവിലുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പിലാക്കാൻ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയുന്നില്ല. ജൈവ-ജൈവേതര മാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്ന് കൃത്യമായി വേർതിരിക്കാത്തതാണ് കേരളത്തിലെ ഖരമാലിന്യ സംസ്കരണത്തിലെ പ്രധാന പ്രതിസന്ധി. ഖരമാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃത സംവിധാനമാണ് കേരളത്തിലെ പ്രാദേശിക സർക്കാരുകൾ അനുവർത്തിച്ച് വരുന്നത്. വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളായ മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവയിൽ പൈപ്പ് കമ്പോസ്റ്റ് പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല.

ഖരമാലിന്യ സംസ്കരണത്തിന് ആവശ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്, പദ്ധതി പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടും ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിലുള്ള വീഴ്ച, സംസ്കരണ യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്ന രീതിയിലുള്ള മാലിന്യനിക്ഷേപം, പ്ലാന്റ് പ്രവർത്തനത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അജ്ഞത, പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള വിദഗ്ധരായ ജീവനക്കാരുടെ അഭാവം എന്നിവ ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് വിഘാതമായിത്തീർന്നിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കിയ മാലിന്യപ്ലാന്റ്/ യുണിറ്റുകളിൽ ഏറെയും സ്ഥാപനത്തിന് തന്നെ ബാധ്യതയായി നിലനിൽക്കുന്നതും അവതന്നെ പാരിസ്ഥിതിക ഭീഷണിയായി തീർന്നിട്ടുള്ളതുമായ സാഹചര്യമാണ് ഉള്ളത്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ഓഡിറ്റ് വകുപ്പ് വിവിധ റിപ്പോർട്ടുകളിലൂടെ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമാണ്. പ്ലാന്റ് സ്ഥാപിച്ച ഏജൻസിയുമായുള്ള കരാറിലെ പോരായ്മകളും തുടർ പ്രവർത്തനങ്ങളുടെ അഭാവവുമാണ് ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട പ്ലാന്റുകൾ/ യൂണിറ്റുകൾ പ്രവർത്തനരഹിതമാകാൻ പലപ്പോഴും കാരണമാകുന്നത്. ഇത്തരത്തിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ ഏറെയാണ്. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട തിരെഞ്ഞെടുത്ത ഏതാനും പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല

(മെഴുവേലി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട - ഓഡിറ്റ് റിപ്പോർട്ട് 2019-2020 ഖണ്ഡിക 1-18)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനാവശ്യമായ മെഷീനറി വാങ്ങുന്നതിന് 10,89,250 രൂപയും (172/18), അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടവും, അനുബന്ധ സൗകര്യവും നിർമ്മിക്കുന്നതിന് 16,00,000 രൂപയും (173/18) വകയിരുത്തി 2017-18 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. ഈ പ്രോജക്ടുകൾ സ്പിൽ ഓവറായി 2019-20 വർഷവും തുടരുകയാണ് (204/19, 174/19). മെഷീനറി വാങ്ങുന്നതിന് ക്ലീൻ കേരള മിഷനുമായി 2017-18 വർഷം തന്നെ കരാറിലേർപ്പെട്ടെങ്കിലും മെഷീനറി സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പർച്ചേസ് ഓർഡർ നൽകിയിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും, 31-3-18-ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. 2019-20 വർഷം 9,40,200 രൂപയുടെ പാർട്ട് പേമെന്റ് നൽകിയിട്ടുമുണ്ട്.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിൽ നിന്നും 10 ലക്ഷവും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10.28 ലക്ഷവും, ജില്ലാപഞ്ചായത്തിൽ നിന്നും 5 ലക്ഷവും ഉൾപ്പെടെ ആകെ 25.28 ലക്ഷം രൂപ ലഭിച്ചതിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 9.40 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇലവുംതിട്ട മാർക്കറ്റിന് സമീപത്തായാണ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നത്. പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ഷ്രെഡിംഗ് യൂണിറ്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കി മെഷീനറികൾ സ്ഥാപിച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് സാധിച്ചിട്ടില്ല. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകളും ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുകയാണ്. പരിസ്ഥിതിക്ക് ഭീഷണിയായി മാറിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനമില്ലാതെ ഹരിതകേരള മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം പൂർണ്ണമായിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

162. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 9.40 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടനിർമ്മാണം നടത്തിയിട്ടുണ്ടെന്നും ജോയിന്റ് വെഞ്ചർ പ്രോജക്ടിൽ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും തുക അവശേഷിക്കുന്നുണ്ടെന്നും പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തിൽ എം.സി.എഫ്.-ന്റെ വിപുലീകരണത്തിനുവേണ്ടി ഉപയോഗിക്കാൻ പഞ്ചായത്ത് സമിതി 28-4-2023-ന് തീരുമാനമെടുത്തിരുന്നുവെന്നും മെഴുവേലി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

163. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി മാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളതെന്നും യൂണിറ്റ് പ്രവർത്തിക്കാനാവശ്യമായ മെഷീനറികൾ വാങ്ങിയിട്ടില്ലെന്നും പദ്ധതിയുടെ പ്രയോജനരഹിതമായ അവസ്ഥ തുടരുന്ന എന്നുമാണ് ഓഡിറ്റ് റിപ്പോർട്ടെന്ന് സമിതി നിരീക്ഷിച്ചു. ഒരു ബ്ലോക്കിൽ തന്നെയുള്ള തൊട്ടടുത്ത പഞ്ചായത്തായ ആറന്മുളയിൽ ആർ.ആർ.എഫ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചതുകൊണ്ട് മെഴുവേലി പഞ്ചായത്തിൽ ആയത് സ്ഥാപിച്ചില്ലെന്ന് അസിസ്റ്റന്റ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

164. പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന്, കെട്ടിട നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളുവെന്ന് മെഴുവേലി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

165. തൊട്ടടുത്തുള്ള പഞ്ചായത്തിൽ ഷ്രെഡിംഗ് യൂണിറ്റുണ്ട് എന്നതുകൊണ്ടും ആവശ്യത്തിന് പ്ലാസ്റ്റിക് കിട്ടാനില്ല എന്നതുകൊണ്ടും അവിടെയുള്ളതുംകൂടി നിലവിൽ ഷ്രെഡിംഗ് യൂണിറ്റുള്ള സ്ഥലത്ത് കൊടുക്കാൻ തീരുമാനിച്ചുവെന്നതാണ് വസ്തുതയെന്ന് സമിതി അഭിപ്രായപ്പെട്ടു. നിലവിലുള്ള കെട്ടിടം പ്രയോജനപ്പെടുത്തി മാലിന്യസംസ്കരണം ചെയ്യാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന്, എം.സി.എഫ്.-ന്റെ നവീകരണത്തിന് വേണ്ടി കെട്ടിടമുപയോഗിക്കാൻ ഭരണസമിതി നിലവിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത കെട്ടിടം ഹരിതകർമ്മസേന കൊണ്ടുവരുന്ന സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കാനാണോ ഉപയോഗിക്കുന്നതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് നിലവിൽ എം.സി.എഫ്. ആയിട്ടാണ് കെട്ടിടം ഉപയോഗിക്കുന്നതെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

166. ന്യൂനത പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

167. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ശുചിത്വമിഷന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന്, പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി കെട്ടിടം പദ്ധതിയുടെ ആവശ്യത്തിലേക്കുതന്നെ ഉപയോഗിക്കാനുള്ള തുടർനടപടി സ്വീകരിക്കുമെന്നാണ് പഞ്ചായത്ത് സെക്രട്ടറി നൽകിയ കത്തിൽ പറഞ്ഞിരിക്കുന്നതെന്നും അതിനുള്ള ഫണ്ടും പഞ്ചായത്തിന്റെ പക്കൽ തന്നെയുണ്ടെന്നും തീരുമാനമെടുത്ത് പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണെന്നും ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) സമിതിയെ ധരിപ്പിച്ചപ്പോൾ പദ്ധതിയിൽ ഷ്രെഡ്ഡിംഗ് യൂണിറ്റാണ് പറഞ്ഞിരിക്കുന്നതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തി. തുക ചെലവഴിച്ചിട്ടില്ലെന്നും സ്പിൽ ഓവറായി അടുത്ത ഒരു വർഷം തുടർന്നെങ്കിലും പിന്നീട് തുടരാതെ കെട്ടിടം മാത്രമായി നിർത്തിയെന്നും രണ്ട് പ്രോജക്ടായി വച്ചിരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ബോധിപ്പിച്ചു.

168. 2019-20 സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുക പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ സാധിക്കുന്നത് എങ്ങനെയാണെന്ന സമിതിയുടെ ചോദ്യത്തിന്, സാമ്പത്തിക വർഷം അവസാനം ടി ഫണ്ട് ഉപയോഗിച്ചിട്ടുണ്ടായിരുന്നുവെന്ന് പ്രിൻസിപ്പൽ ഡയറക്ടേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത തുക ശുചിത്വ മിഷന്റെ അക്കൗണ്ടിലാണോ പഞ്ചായത്ത് അക്കൗണ്ടിലാണോ നിക്ഷേപിച്ചിട്ടുള്ളതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ശുചിത്വ മിഷന് തുക കൈമാറിയിട്ടില്ലെന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് തുക നിക്ഷേപിച്ചിട്ടുള്ളതെന്നും മെഴുവേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

169. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ശുചിത്വകേരള അർബൻ ഫണ്ട് മുമ്പ് ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നതെന്ന് ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) സമിതിയെ അറിയിച്ചു.

170. പഞ്ചായത്തുകൾക്കായി അനുവദിക്കുന്ന ഫണ്ട് ചെലവഴിച്ചില്ലെങ്കിൽ തിരിച്ചടയ്ക്കാനുള്ള ബാധ്യത ശുചിത്വമിഷനില്ലേയെന്ന് സമിതി ആരാഞ്ഞു. ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതിക പ്രയോജനം ലഭിക്കുന്നില്ലെന്നാണ് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതിയുടെ ചോദ്യത്തിന് നിലവിൽ ട്രഷറിയിൽ നിന്ന് ലിമിറ്റ് ചെയ്തുകൊടുക്കുന്ന തുക മാർച്ച് മാസം കഴിയുമ്പോൾ ലാപ്സാകുന്നതിനാൽ തുക തിരിച്ചടയ്ക്കുന്നുണ്ടെന്നും മുൻകാലങ്ങളിൽ കൊടുത്ത തുകയാണ് പഞ്ചായത്തിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലുള്ളതെന്നും ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) സമിതിയെ അറിയിച്ചു.

171. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധ്യമായ നടപടി എന്താണെന്ന സമിതിയുടെ ചോദ്യത്തിന് ഭരണസമിതി തീരുമാനമെടുത്ത് ടി പ്രവൃത്തി പൂർത്തീകരിച്ചാൽ മതിയെന്ന് ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) വ്യക്തമാക്കി. പ്രോജക്ട് ലക്ഷ്യം പൂർത്തിയാക്കി ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

172. മെഴുവേലി ഗ്രാമപഞ്ചായത്തിലെ Plastic Shredding Unit എന്ന പദ്ധതി പൂർത്തിയാക്കി കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മാലിന്യം സൂക്ഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളില്ല

(കാവശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-31)

സർക്കാർ ഉത്തരവ് സാധാ നം. 2420/2017 ത.സ്വ.ഭ.വ. തീയതി 15-7-2017 പ്രകാരം ഗ്രാമപഞ്ചായത്തിൽ രൂപീകൃതമായ ഹരിതകർമ്മസേന നിശ്ചിത മാതൃകയിലുള്ള രസീത് മുഖേന ഫീസ് ഈടാക്കി എല്ലാ വീടുകളിലും കടകളിലും നിന്നും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നു. ജൈവ/അജൈവ മാലിന്യങ്ങൾ വേർതിരിക്കുവാനും അവ സംസ്കരിക്കുവാനും സേനാംഗങ്ങൾക്ക് ക്ലാസുകൾ ഐ.ആർ.ടി.സി. നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ്. കേന്ദ്രം നിലവിൽ കൃഷിഭവന്റെ കീഴിലുള്ള പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം പൂർണ്ണമായും ജീർണ്ണിച്ച അവസ്ഥയിലാണുള്ളത്.

അജൈവമാലിന്യ സംസ്കരണത്തിനുള്ള എം.സി.എഫ്.-ൽ നിലവിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഷെഡ്ഡിൽ ശേഖരിച്ചുവയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഷ്രെഡിംഗ് നടത്തുന്നതിനുള്ള മെഷീൻ നിലവിലില്ല. ഹരിതകർമ്മസേന മുഖേന ശേഖരിച്ചിട്ടുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിരിക്കുകയാണ്. കെട്ടിടത്തിനകത്ത് ഇനി സംഭരിക്കാൻ ഇടമില്ലാത്ത വിധം പ്ലാസ്റ്റിക്ക് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുന്നു. ജൈവ മാലിന്യങ്ങൾ കംബോസ്റ്റ് നിർമ്മാണം, സ്ലറി എന്നിവയാക്കി കൃഷിയിടങ്ങളിൽ വളമായി ഉപയോഗിക്കുവാനാണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതെങ്കിലും അത്തരത്തിലുള്ള സംവിധാനം നിലവിൽ വരുത്തിയിട്ടില്ല.

അജൈവമാലിന്യ സംസ്കരണത്തിനുള്ള എം.സി.എഫ്. കേന്ദ്രം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 2019-20-ൽ പ്രോജക്ട് വച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങളിൽ നിയമോപദേശം ആവശ്യമായി വന്നതിനാലും സ്ഥലമെടുപ്പിന് അടങ്കൽ വച്ച തുക കുറവായതിനാലും പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

173. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2023-24 പദ്ധതിയിലുൾപ്പെടുത്തിയ എം.സി.എഫ്. കെട്ടിടത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണെന്നും ഫ്ലോറും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയും പൂർത്തീകരിച്ച് ആഗസ്റ്റ് മാസത്തിൽ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണെന്നും നിലവിൽ താൽക്കാലിക കെട്ടിടത്തിൽ എം.സി.എഫ്.-ന്റെ പ്രവർത്തനം നടന്നുവരുന്നുണ്ടെന്നും കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

174. പാലക്കാട് കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്.-ന്റെ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

3. തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - തുടർ പ്രവർത്തനങ്ങൾ ഇല്ല

(ഞീഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം, ഓഡിറ്റ് റിപ്പോർട്ട്-2019-20, ഖണ്ഡിക 1-19)

ജൈവ മാലിന്യ സംസ്കരണത്തിന് തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നു. സോഷ്യോ-എക്കണോമിക് യൂണിറ്റ് മുഖേന 2 ബിൻ, ഷെഡ് എന്നിവ അടങ്ങുന്ന ഒരു യൂണിറ്റിന് 2,40,000 രൂപ എന്ന ക്രമത്തിൽ തയ്യാറാക്കിയ 14,40,000 രൂപയുടെ എസ്റ്റിമേറ്റിന് സോഷ്യോ-എക്കണോമിക് യൂണിറ്റ് പ്രോഗ്രാം ഓഫീസറുടെ അംഗീകാരം ലഭ്യമാക്കി യൂണിറ്റുമായി കരാറിൽ ഏർപ്പെട്ടു.പ്രോജക്ട് പൂർത്തീകരണത്തിനായി 12,31,620 രൂപ ചെലവഴിച്ചു.

i. 17-3-2021-ൽ നടത്തിയ ഭൗതിക പരിശോധനയിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ വസ്തുക്കൾ ബിന്നിനുള്ളിൽ കാണപ്പെട്ടു. ഇത്തരത്തിലുള്ള മാലിന്യനിക്ഷേപം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ ശാസ്ത്രീയമായ പ്രവർത്തനത്തെ ബാധിക്കും.

ii. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകേണ്ടതും അനുയോജ്യമായ മാലിന്യ സംസ്കരണ സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതുമാണ് എന്നും സ്ഥാപിക്കപ്പെടുന്ന കമ്പോസ്റ്റ് സംവിധാനത്തിന്റെ ദൈനംദിന പരിപാലനം സർക്കാർ അംഗീകൃത സേവനദാതാക്കൾ മുഖാന്തരമോ ഹരിത കർമ്മസേനാംഗങ്ങളെ ഉപയോഗപ്പെടുത്തിയോ നടത്തേണ്ടതാണെന്നും ഉള്ള നിബന്ധനയ്ക്ക് വിധേയമായാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളതെന്ന് അനുമതി കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് ഉറവിട മാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കുന്നതിനോ, സ്ഥാപിച്ച യൂണിറ്റിലൂടെ കമ്പോസ്റ്റ് ഉണ്ടാക്കി ഉപയോഗിക്കുന്നതിനോ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

iii. സ്ഥാപിക്കപ്പെട്ട എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് ശുചിത്വമിഷന്റെ സാങ്കേതിക വിഭാഗത്തിൽ നിന്നും മോണിറ്ററിംഗ് റിപ്പോർട്ട് വാങ്ങിയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഭാഗം -1, അദ്ധ്യായം 1.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

175. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രവൃത്തി നേരിട്ട് മോണിറ്റർ ചെയ്യുന്നുണ്ടെന്ന് ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സോഷ്യോ ഇക്കണോമിക് യൂണിറ്റുമായി കരാറിലേർപ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 2019-ൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വർഷത്തെ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. സോഷ്യോ ഇക്കണോമിക് യൂണിറ്റ് സർക്കാർ അംഗീകൃത ഏജൻസിയാണോ എന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, അക്രെഡിറ്റഡ് ഏജൻസിയാണെന്ന് ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) മറുപടി നൽകി.

176. കമ്പോസ്റ്റ് യൂണിറ്റിന്റെ പരിപാലന ചുമതല പ്രസ്തുത ഏജൻസി നിർവ്വഹിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറിലേർപ്പെട്ടാൽ മാത്രമേ പരിപാലന ചുമതല നിർവ്വഹിക്കുകയുള്ളൂവെന്നും കരാറിലേർപ്പെട്ട സമയത്ത് യൂണിറ്റിന്റെ പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്താത്തതുകൊണ്ടുള്ള വിഷയമാണിതെന്നും നിലവിൽ മുനിസിപ്പാലിറ്റികൾ കൺസ്ട്രക്ഷൻ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് എന്നിവയുൾപ്പടെ എഗ്രിമെന്റിൽ പ്രൊവിഷൻ വയ്ക്കുന്നുണ്ടെന്നും ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) അറിയിച്ചു.

177. കമ്പോസ്റ്റ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ജൈവമാലിന്യ സംസ്കരണം മികച്ച രീതിയിൽ നടക്കുന്നുണ്ടെന്നും ഹരിത കർമ്മസേനയെ വച്ച് കമ്പോസ്റ്റ് യൂണിറ്റിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുക്കൾ നീക്കം ചെയ്തിട്ടുണ്ടെന്നും ഭക്ഷണാവശിഷ്ടങ്ങൾ പ്ലാന്റിൽ തന്നെ നിക്ഷേപിക്കുന്നുണ്ടെന്നും ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് ഇതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാൻ സമിതി നിർദ്ദേശിച്ചു.

178. കനാലുകളിലും മറ്റ് ജലസ്രോതസ്സുകളിലും കക്കൂസ് മാലിന്യം നിക്ഷേപിക്കുന്ന വർക്കെതിരെ എന്ത് ശിക്ഷാനടപടിയാണ് സ്വീകരിക്കുന്നതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് 25,000 രൂപ പിഴയും ക്രിമിനൽ പ്രോസിക്യൂഷൻ നടപടിയുമാണ് സ്വീകരിക്കുന്നതെന്ന് ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) സമിതിയെ അറിയിച്ചു.

179. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആയതിന് നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് തിരുവനന്തപുരം കോർപ്പറേഷനിലെ അവശേഷിക്കുന്ന വാർഡുകളിൽക്കൂടി കണക്ഷൻ നൽകുന്നതിനായി അമൃത് 2-ൽ നെറ്റ്‌വർക്കിനായി പ്രൊപ്പോസലുണ്ടെന്നും എസ്.ബി.എം.(സ്വച്ഛ് ഭാരത് മിഷൻ) അർബൻ/ ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി പ്രൊപ്പോസൽ നൽകുന്നുണ്ടെന്നും ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) അറിയിച്ചു. എസ്.ബി.എം. അർബനിൽ നെറ്റ്‌വർക്കിന് തുക ലഭിക്കില്ലെന്നും പ്ലാന്റ് സ്ഥാപിക്കാനുള്ള തുക മാത്രമാണ് ലഭിക്കുന്നതെന്നും മുനിസിപ്പാലിറ്റികൾക്ക് ബാക്കി തുക കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

180. ഫണ്ട് കണ്ടെത്തുന്നതിന് ബുദ്ധിമുട്ടൊന്നുമില്ലെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതാണ് പ്രധാന വിഷയമെന്നും സമിതി തദവസരത്തിൽ അറിയിച്ചു.

181. നിലവിൽ ആശുപത്രികളിൽ ചെറിയ പദ്ധതികളുണ്ടെന്നും കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനായി ചേർത്തലയിൽ എഫ്.എസ്.ടി.പി.യുടെ പ്രവൃത്തി നടക്കുന്നുണ്ടെന്നും ചെറിയ പ്രൊപ്പോസൽ വരുന്നുണ്ടെങ്കിലും സ്ഥലത്തിന്റെ വിഷയം നിലനിൽക്കുന്നതു കൊണ്ടാണ് മുന്നോട്ടുപോകാത്തതെന്നും ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) സമിതിയെ അറിയിച്ചു.

182. ഹൗസ് ബോട്ട് മാലിന്യം നീക്കം ചെയ്യാനുള്ള പദ്ധതിയുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഹൗസ് ബോട്ട് മാലിന്യം ശുചിത്വമിഷൻ സംസ്കരിക്കുന്നില്ലെന്നും നഗരസഭയ്ക്ക് അതിനുള്ള സംവിധാനമില്ലാത്തതിനാൽ ഡി.ടി.പി.സി. മുഖാന്തരമാണ് സംസ്കരിക്കുന്നതെന്നും ശുചിത്വമിഷൻ ഡയറക്ടർ അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

183. തുമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

184. കനാലുകളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കണമെന്നും അതിനായി നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശകൾ</u>

- ഉറവിട മാലിന്യസംസ്കരണത്തിന് പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകാവുന്നതാണ്.
- തദ്ദേശ സ്ഥാപനങ്ങൾ കാലാകാലങ്ങളായി ഏറ്റെടുത്തതും നിലവിൽ നിഷ്ക്രിയമായി തുടരുന്നതുമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ/ യൂണിറ്റുകൾ പ്രവർത്തന ക്ഷമമാക്കാനും അവയുടെ തുടർപ്രവർത്തനം സാധ്യമാക്കാനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതാണ്. ഇതിനായി പ്ലാന്റ് സ്ഥാപിച്ച ഏജൻസിയുമായുള്ള കരാറിൽ പുതുക്കൽ/ ഭേദഗതി വരുത്തുന്നത് പരിഗണിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് തുടർനിർദ്ദേശം നൽകാവുന്നതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും മാലിന്യങ്ങൾ സംസ്കരിക്കുന്നതുവരെ കൃത്യമായ ശേഖരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും മാലിന്യങ്ങൾ അനാരോഗ്യകരമായ രീതിയിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ തദ്ദേശ ഭരണാധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതുമാണ്. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുക.
- മാലിന്യസംസ്കരണ യൂണിറ്റുകൾ/പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ യഥാസമയം പൂർത്തിയാക്കാനും അവയുടെ തുടർ മോണിട്ടറിംഗ് ഉറപ്പാക്കാനും നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.
- മാലിന്യങ്ങൾ ശേഖരിച്ച് നിർദ്ദിഷ്ട പ്രദേശത്ത് തള്ളുന്നതിൽ മാത്രമായി മാലിന്യപരിപാലനത്തെ ഒതുക്കാതെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ നൂതന ആശയങ്ങൾ സ്വീകരിക്കാനും അതുവഴി മാലിന്യസംസ്കരണ/ പരിപാലനത്തിലൂടെ വരുമാനദായകമായ സംരംഭങ്ങൾ ആരംഭിക്കാനും ഉതകുന്ന നൂതന പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.
- ഇ-വേസ്റ്റ് മാനേജ്മെന്റിന് നിലവിൽ വികസിത രാജ്യങ്ങൾ അനുവർത്തിച്ച് വരുന്ന നൂതന മാർഗ്ഗങ്ങളിലെ ആശയങ്ങൾ പഠനവിധേയമാക്കി പ്രാദേശിക സാദ്ധ്യതകൾ മനസിലാക്കി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

പ്രസ്തുത ശിപാർശകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ഒക്ടോബർ 7.

അനുബന്ധം - I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ
1	27	തദ്ദേശ സ്വയംഭരണ വകുപ്പ്	ക്ഷേമ പെൻഷൻ ഗുണഭോക്താവിന്റെ മരണ വിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ പല പഞ്ചായത്തുകൾക്കും വീഴ്ച സംഭവിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വാർധക്യകാല പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗക്ഷേമ പെൻഷൻ എന്നിവയുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി പെൻഷൻ അതത് മാസം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിലെ കാലതാമസം ഗുണഭോക്താക്കൾക്കിടയിൽ വ്യാപകമായ അസംതൃപ്തി ജനപ്പിക്കുന്നതിനാൽ പെൻഷൻ അപേക്ഷകൾ പ്രത്യേകിച്ച് വികലാംഗക്ഷേമ പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	28	തദ്ദേശ സ്വയംഭരണ വകുപ്പ്	തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ വികലാംഗക്ഷേമ പെൻഷൻ രജിസ്റ്റർ, കർഷകക്ഷേമ പെൻഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും നിലവിൽ സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പിൽ

			നിന്നുള്ള മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	29	തദ്ദേശ സ്വയംഭരണ വകുപ്പ്	തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നുണ്ടെന്നും കാലവിളംബം ഉണ്ടാകുന്നില്ലെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
	30	തദ്ദേശ സ്വയംഭരണ വകുപ്പ്	ആലപ്പുഴ ജില്ലയിലെ മുട്ടാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
	31	തദ്ദേശ സ്വയംഭരണ വകുപ്പ്	കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും സെക്രട്ടറിയുടെയും വിശദീകരണം തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

	32	തദ്ദേശ സ്വയംഭരണ വകുപ്പ്	വികലാംഗ പെൻഷനുള്ള അപേക്ഷകളിന്മേൽ യഥാസമയം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അത്തരത്തിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
	33	തദ്ദേശ സ്വയംഭരണ വകുപ്പ്	വികലാംഗ പെൻഷന് ഡോക്ടർ സർട്ടിഫിക്കറ്റിനു പുറമെ ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നത് സംബന്ധിച്ച് ആലോചിക്കണമെന്നും സാങ്കേതിക കാരണം പറഞ്ഞ് ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം വരുത്താൻ പാടില്ലെന്നും സമിതി നിർദ്ദേശിക്കുന്നു.
	34	തദ്ദേശ സ്വയംഭരണ വകുപ്പ്	പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ശിക്ഷ നൽകാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ടെങ്കിലും നടപടി കാര്യക്ഷമമായി ഉണ്ടാകുന്നില്ലെന്ന് സമിതി അനുമാനിക്കുന്നു. ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് കിട്ടുന്നില്ല എന്ന ഒറ്റ കാരണത്താൽ അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കാതിരിക്കുന്നത് ഒരിക്കലും ന്യായീകരി ക്കത്തക്കതല്ലെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിയമ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

	35	തദ്ദേശ സ്വയംഭരണ വകുപ്പ്	ഇടുക്കി ജില്ലയിലെ പാറപ്പുഴ ഗ്രാമ പഞ്ചായത്തു മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
	36	തദ്ദേശ സ്വയംഭരണ വകുപ്പ്	ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ അപേക്ഷകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	37	തദ്ദേശ സ്വയംഭരണ വകുപ്പ്	കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	38	തദ്ദേശ സ്വയംഭരണ വകുപ്പ്	കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ

			റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	39	തദ്ദേശ സ്വയംഭരണ വകുപ്പ്	കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	40	തദ്ദേശ സ്വയംഭരണ വകുപ്പ്	കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	41	തദ്ദേശ സ്വയംഭരണ വകുപ്പ്	കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	42	തദ്ദേശ സ്വയംഭരണ വകുപ്പ്	കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

2	79	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ട രണ്ട് പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന 23,200 രൂപ സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മരണപ്പെട്ട മറ്റ് മൂന്ന് ഗുണഭോക്താക്കളുടെയും അനന്തരാവകാശികൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണെന്ന് കുണ്ടറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തരവകാശികളുടെ സാമ്പത്തിക സ്ഥിതി വിശദീകരിച്ചുകൊണ്ട് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	80	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	81	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	82	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് ഖണ്ഡിക 1-7-2

			പ്രകാരം സർക്കാരിലേക്ക് അടവാക്കുകയോ അനർഹമായി കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുകയോ ചെയ്യാത്ത 1,01,000 രൂപയുടെ വിശദാംശം ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	83	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-7-4 ലെ പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	84	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ 2018-19-ൽ 29 പേർ മരണപ്പെട്ടിട്ടും യഥാസമയം വിവരം അറിയിക്കാത്തത് ഗൗരവതരമായ വിഷയമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുണ്ടായ വീഴ്ച പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. മരണപ്പെട്ട 29 ഗുണഭോക്താക്കളുടെയും അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത തുക സർക്കാരിന്റെ Social security Pension Fund ലേക്ക് അടവാക്കാത്തത് ഗൗരവമുള്ള വിഷയമാണെന്നും എല്ലാ പഞ്ചായത്തുകളെയും സംബന്ധിച്ച വിവരം ശേഖരിച്ച് State Level Bankers Committee കൂടുമ്പോൾ ഉന്നയിക്കണമെന്നും ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

	85	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തു മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് ഖണ്ഡിക പ്രകാരം രണ്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ തുകയിൽ ഒരാളുടെ അക്കൗണ്ടിൽ നിന്നും 22-4-2023-ൽ തുക ഈടാക്കിയിട്ടുണ്ടെന്നും മറ്റൊരാൾ ഉടൻ അടയ്ക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
	86	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-7-3-ലെ പരാമർശത്തിന്മേൽ 19 പെൻഷൻ ഗുണഭോക്താക്കളിൽ 8 പേരുടെ അനന്തരാവകാശികൾ പെൻഷൻ തുക അവകാശികളിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള വിശദാംശം ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് ഖണ്ഡിക 1-7-2, 1-7-4 എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	87	തദ്ദേശ സ്വയംഭരണ വകുപ്പ്	മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക എത്തുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയവയ്ക്കു പുറമേ ഒട്ടുമിക്ക പഞ്ചായത്തുകളിലും ഇതു പോലുള്ള വീഴ്ചകൾ സംഭവിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് വകുപ്പ് ക്രമക്കേട് കണ്ടെത്തിയ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധന നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിലെ ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിച്ച് ആവശ്യമായ

			ഇടപെടൽ നടത്താനുള്ള നിർദ്ദേശം ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	88	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് അഞ്ച് പേരിൽ നിന്നും തുക ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകളും ശേഷിക്കുന്ന 13 പേരിൽനിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകളും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	89	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ടുപോയ 28 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ കൈമാറിയത് സംബന്ധിച്ച് അനന്തരാവകാശികളിൽ നിന്നും ഈടാക്കിയ തുകയുടെ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	90	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	91	തദ്ദേശ സ്വയംഭരണ വകുപ്പ്	എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ

			വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	92	തദ്ദേശ സ്വയംഭരണ വകുപ്പ്	എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	93	തദ്ദേശ സ്വയംഭരണ വകുപ്പ്	എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	94	തദ്ദേശ സ്വയംഭരണ വകുപ്പ്	എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	95	തദ്ദേശ സ്വയംഭരണ വകുപ്പ്	എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ അന്നം മാത്യു അനർഹമായി കൈപ്പറ്റിയ കർഷക തൊഴിലാളി പെൻഷൻ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച ശേഷം ഓഡിറ്റ് വകുപ്പിന് രേഖകൾ ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

	96	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ നാല് ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് ഏപ്രിൽ മാസത്തെ പെൻഷൻ മുൻകൂറായി ഗുണഭോക്താക്കൾക്ക് നൽകിയതെന്നും പ്രസ്തുത തുക വാങ്ങിയതിനുശേഷമാണ് രണ്ട് പേർ മരണപ്പെട്ടതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മരണപ്പെട്ട പ്രസ്തുത രണ്ട് ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും പെൻഷൻ തുക തിരിച്ചുപിടിക്കാൻ സാധിക്കില്ലെന്നും തുക ഈടാക്കുന്നത് ശരിയായ നടപടിയായിരിക്കില്ലെന്നും സമിതി അഭിപ്രായ പ്പെടുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കുവാൻ ഓഡിറ്റ് വകുപ്പിനോടും പരാമർശ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയോടും സമിതി നിർദ്ദേശിക്കുന്നു.
	97	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	98	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർ ശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

	99	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഒരു ഗുണഭോക്താവിൽ നിന്നുമാണ് തുക തിരികെ ലഭിക്കാനുള്ളതെന്നും ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്ന തിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
	100	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ മൂന്ന് ഗുണഭോക്താക്കളുടെ അനന്തരവാകാശികളിൽ നിന്നായി 15,700 രൂപ തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
	101	തദ്ദേശ സ്വയംഭരണ വകുപ്പ്	പുതിയ പ്രവർത്തന മാന്വൽ രൂപീകരണത്തിന്റെ ഭാഗമായി ജോലി വിഭജനം നടത്തുമ്പോൾ സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാൻ പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ ക്രമക്കേടുകൾക്ക് പരിഹാരം കാണാൻ ഉതകണമെന്ന് സമിതി പ്രത്യാശിക്കുന്നു.
3	106	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച മറുപടി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	107	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ഓഡിറ്റ് വകുപ്പിൽ

			നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.
	108	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തു മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
4	116	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അടങ്ങുന്ന രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	117	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ മൈലം ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച ഓഡിറ്റ് വകുപ്പിന് രേഖകൾ സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
	118	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	119	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	120	തദ്ദേശ സ്വയംഭരണ വകുപ്പ്	എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമശർത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽനിന്നുള്ള ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

	121	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
	122	തദ്ദേശ സ്വയംഭരണ വകുപ്പ്	സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ശിപാർശകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു.
5	127	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗമുള്ളപ്പോൾ ആലപ്പുഴ ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ അങ്കണവാടി നവീകരണ ത്തിനായി പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി നൽകിയത് ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത നടപടി സർക്കാർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണ മെന്നും പെൻഷൻ പറ്റിയ ഉദ്യോഗസ്ഥനാ ണെങ്കിൽ അദ്ദേഹത്തിന്റെ പെൻഷനിൽ നിന്നും തുക തിരിച്ചുപിടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
	129	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാക്കം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

6	131	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
7	133	തദ്ദേശ സ്വയംഭരണ വകുപ്പ്	മുഹമ്മ ഗ്രാമപഞ്ചായത്തിലെ വൈദ്യുത വ്യാപന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
8	135	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. ആയതിനാൽ കോഴിക്കോട് കിഴക്കോത്ത് ഗ്രാമപഞ്ചയത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
9	137	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടിയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടും സമിതി അംഗീകരിക്കുന്നു. ആയതിനാൽ കോഴിക്കോട് മുടാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
10	141	തദ്ദേശ സ്വയംഭരണ വകുപ്പ്	മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ മയിൽപാറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പ് നാല് ലക്ഷം രൂപ നൽകിയ വിഷയം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി വിശദീകരണം നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിക്കുന്നു.

			കരാർ വയ്ക്കുന്നതിന് മുൻപ് പണം നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
	142	തദ്ദേശ സ്വയംഭരണ വകുപ്പ്	ജൽജീവൻ മിഷനിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറാമെന്ന പൊതു ഉത്തരവുണ്ടെന്നും ആയത് പരിശോധിച്ചിട്ട് അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
11	150	തദ്ദേശ സ്വയംഭരണ വകുപ്പ്	കോട്ടയം കങ്ങഴ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ 8 കുഴൽ കിണറുകളിൽ ഒരെണ്ണത്തിൽ നിന്ന് ലഭിക്കുന്ന വെള്ളം കട്ടി കൂടിയതിനാൽ ഉപയോഗിക്കാൻ സാധിക്കുകയി ല്ലെന്ന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാതെ പ്രസ്തുത കുഴൽ കിണറിൽ മോട്ടർ സ്ഥാപിച്ച നടപടി അംഗീകരിക്കാ നാവില്ലെന്നും ആയത് ഒഴിവാക്കാമായിരുന്നു വെന്നും സമിതി അഭിപ്രായപ്പെടുന്നു. കുട്ടികൾക്ക് ഗുണനിലവാരമില്ലാത്ത വെള്ളം കൊടുക്കു ന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
12	152	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഏനാദി മംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

13	156	തദ്ദേശ സ്വയംഭരണ വകുപ്പ്	ഒരു പദ്ധതി തുക കൊണ്ട് ഏത് കാര്യമാണോ നിർവഹിക്കുന്നത് സമാന സ്വഭാവമുള്ള മറ്റ് പ്രവൃത്തികൾക്ക് തിരികെ ലഭിക്കുന്ന ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടായാൽ തുക പാഴായി പോകുമെന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കുമെന്നും അത് പഞ്ചായത്തുകൾക്ക് സഹായകമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 3,68,263 രൂപ തിരിച്ചടച്ചതിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
14	158	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
15	160	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു.
16	172	തദ്ദേശ സ്വയംഭരണ വകുപ്പ്	മെഴുവേലി ഗ്രാമപഞ്ചായത്തിലെ Plastic Shredding Unit എന്ന പദ്ധതി പൂർത്തിയാക്കി കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
17	174	തദ്ദേശ സ്വയംഭരണ വകുപ്പ്	പാലക്കാട് കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്.-ന്റെ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18	183	തദ്ദേശ സ്വയംഭരണ വകുപ്പ്	തുമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	184	തദ്ദേശസ്വയംഭരണ വകുപ്പ്	കനാലുകളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കണമെന്നും അതിനായി നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.